# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2024 ഓഗസ്റ്റ് 15 | ദീപം 57 | നാളം 23 | Published from : PALA | പേജ് 16 | വില 8 രൂപ | www.deepanalam.org




# ചരിത്രമുറങ്ങുന്ന സ്വാതന്ത്ര്യവീഥികൾ



ഡോ. കുര്യാസ് കുമ്പളക്കുഴി

നമ്മൾ എങ്ങനെ ജീവിക്കണമെന്നു നമുക്കുതന്നെ തീരുമാനിക്കാൻ കഴിയുന്ന അവസ്ഥയാണു സ്വാതന്ത്ര്യം. മറിച്ച്, അതെങ്ങനെയായിരിക്കണമെന്നു മറ്റാരെങ്കിലും നിശ്ചയിക്കുന്ന അവസ്ഥയാണു പാരതന്ത്ര്യം. നമ്മൾ എന്തു സംസാരിക്കണം, എന്തു പ്രവർത്തിക്കണം, എവിടെമാത്രം സഞ്ചരിക്കണം, എന്തു പഠിക്കണം, എന്തു ഭക്ഷിക്കണം, എന്തു ധരിക്കണം എന്നൊക്കെ മറ്റുള്ളവർ നിശ്ചയിക്കുന്ന അവസ്ഥ എത്ര ഭയാനകമാണ്! അതുകൊണ്ടാവണം, 'പാരതന്ത്ര്യം മാനികൾക്കു മൃതിയേക്കാൾ ഭയാനകം' എന്നു കവി നെടുവീർപ്പിട്ടത്.

ഒന്നോർത്താൽ, നമ്മൾ ഭാഗ്യശാലികളാണ്. അസ്വാതന്ത്ര്യത്തിന്റെ പരാധീനതകളൊന്നും നമ്മളെ അലട്ടുന്നില്ല. അമിതസ്വാതന്ത്ര്യത്തിന്റെ ദുഷിപ്പുകൾമാത്രമേ ഇന്നു നമുക്കു സഹിക്കേണ്ടിവരുന്നുള്ളൂ.

എന്നാൽ, ഒരു നൂറ്റാണ്ടു മുമ്പ്, കൃത്യമായി പറഞ്ഞാൽ 77 വർഷങ്ങൾക്കുമുമ്പ് ഇതായിരുന്നില്ല സ്ഥിതി. വിദേശശക്തിയായ ബ്രിട്ടന്റെ അധികാരത്തിലമർന്നുപോയ ഇന്ത്യൻജനതയ്ക്കു സ്വാതന്ത്ര്യമെന്നത് ഒരു സങ്കല്പംമാത്രമായിരുന്നു. ജീവിതത്തിന്റെ സമസ്തമേഖലകളിലും അവരുടെ ആധിപത്യം നമ്മെ ശ്വാസംമുട്ടിച്ചിരുന്നു. ലളിതമായി പറഞ്ഞാൽ, ഇന്ത്യൻജനത ബ്രിട്ടീഷുകാരുടെ അടിമക്കൂട്ടമായിരുന്നു.

ഇതിൽനിന്നു മോചനം നേടാൻ നമ്മുടെ പൂർവികർക്ക് യാതനകളുടെയും വേദനകളുടെയും നീണ്ട പാതകൾ പിന്നിടേണ്ടിവന്നു. ഒട്ടേറെ ദേശാഭിമാനികളുടെ ജീവൻ ബലി നല്കേണ്ടിവന്നു. ഈ പീഡനങ്ങളുടെയും ബലിദാനത്തിന്റെയും അനുഭവകാലഘട്ടത്തെയാണു ചരിത്രം സ്വാതന്ത്ര്യസമരമെന്നു വിളിക്കുന്നത്. ഏതാണ്ട് ഒരു നൂറ്റാണ്ടുകാലം നീണ്ടുനിന്ന ഇന്ത്യൻ സ്വാതന്ത്ര്യസമരം. ഈ സമരം ലക്ഷ്യം കണ്ടു - 1947 ഓഗസ്റ്റ് 15 ന്. അന്നു ലോകരാഷ്ട്രങ്ങൾക്കിടയിൽ പുതിയൊരു രാഷ്ട്രോദയമുണ്ടായി - അതാണ് നമ്മുടെ ഇന്ത്യ.

ധാരാളം രാജ്യങ്ങളിൽ സ്വാതന്ത്ര്യസമരം നടന്നിട്ടുണ്ട്. അമേരിക്കയിൽ, റഷ്യയിൽ, ഫ്രാൻസിൽ, ചൈനയിൽ, ബംഗ്ലാദേശിൽ എന്നിങ്ങനെ ഒരു നീണ്ട നിരതന്നെയുണ്ട്. എന്നാൽ, അവയും ഇന്ത്യൻ സ്വാതന്ത്ര്യസമരവും തമ്മിൽ കാതലായ അന്തരമുണ്ട്. ശത്രുവിന്റെ ചോര ചിന്താതെയുള്ള സമരം. നമ്മൾ അധീശശക്തിയെ ശത്രുവായി കണ്ടില്ല. അവർക്കെതിരേ ആയുധമെടുത്തില്ല. ഹിംസയല്ല; അഹിംസയായിരുന്നു ആയുധം. ഇന്നും പലർക്കും അവിശ്വസനീയമായി തോന്നിയേക്കാവുന്ന ഈ സമരമുറ രൂപപ്പെടുത്തിയ ചരിത്രപുരുഷനാണ് മഹാത്മാ ഗാന്ധി.


പക്ഷേ, സമരത്തിന്റെ ആദ്യഘട്ടം അങ്ങനെയായിരുന്നില്ല. അത് 1857 ലായിരുന്നു. അന്ന് ആയുധമെടുക്കലും ചോര ചൊരിയലുമുണ്ടായി. ഒരു നൂറ്റാണ്ടുകാലം അനുഭവിച്ച പാരതന്ത്ര്യത്തിനെതിരേയുണ്ടായ ആദ്യത്തെ പൊട്ടിത്തെറിക്കൽ. 1857 മേയ് 10 ന് ഉത്തർപ്രദേശിലെ മീററ്റിലായിരുന്നു തുടക്കം. അതിനുതൊട്ടുമുമ്പു മറ്റൊരു സംഭവമുണ്ടായി. പശ്ചിമബംഗാളിലെ ബാരക്പൂർ റെജിമെന്റിൽ മംഗൾ പാണ്ഡെ എന്ന ഇന്ത്യൻ സൈനികൻ രണ്ടു ബ്രിട്ടീഷ് സൈനികരെ വെടിവച്ചുകൊന്നു. ബ്രിട്ടീഷ്സൈനികമേധാവികളിൽനിന്ന് ഇന്ത്യൻസൈനികർ അനുഭവിച്ചുപോന്ന അവഗണനയുടെയും അപമാനത്തിന്റെയും മുറിവുകളിൽനിന്നാണ് ആ വെടിയുണ്ടകൾ ചീറിപ്പാഞ്ഞത്. അതൊരു കലാപത്തിന്റെ തുടക്കമായിരുന്നു. പക്ഷേ, തോക്കേന്തിയ ആ കരങ്ങളെല്ലാം ബ്രിട്ടീഷ് അധീശശക്തിയുടെ വിലങ്ങുകളിൽ പരതന്ത്രമായി. മാർച്ച് 25 ന് മംഗൾ പാണ്ഡെയെ തൂക്കിലേറ്റി. അങ്ങനെ, ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിലെ ആദ്യരക്തസാക്ഷിയായി മംഗൾ പാണ്ഡെ ചരിത്രത്തിൽ ഇടംനേടി.

1857 ലെ സ്വാതന്ത്ര്യസമരം ദയനീയമായി പരാജയപ്പെട്ടു. അത് അനിവാര്യമായിരുന്നു. സ്വാതന്ത്ര്യത്തിലേക്കു പ്രവേശിക്കാൻ ഇന്ത്യ ഏറെ ഹോംവർക്ക് ചെയ്യേണ്ടതുണ്ടായിരുന്നു. അതിനു പറ്റിയ ഒരു നേതാവും നമുക്കാവശ്യമുണ്ടായിരുന്നു. സമയമായപ്പോൾ അദ്ദേഹം വാതിൽ തുറന്നെത്തി - മഹാത്മാ ഗാന്ധി. ഇന്ത്യൻ നാഷണൽ കോൺഗ്രസ് നേതാവ് ഗോപാലകൃഷ്ണഗോഖലെയാണ് ആ കണ്ടെത്തൽ നടത്തിയത്. അദ്ദേഹം ഗാന്ധിയോടു ദക്ഷിണാഫ്രിക്കയിൽനിന്നു മടങ്ങിവരാൻ ആവശ്യപ്പെട്ടു. അങ്ങനെ രണ്ടു പതിറ്റാണ്ടുകാലത്തെ ദക്ഷിണാഫ്രിക്കൻസമരാനുഭവങ്ങളുടെ സമ്പത്തുമായി 1915 ജനുവരി ഒമ്പതിന് ഗാന്ധി ബോംബെയിൽ കപ്പലിറങ്ങി. സുദീർഘമായ ഒരു സ്വാതന്ത്ര്യസമരത്തിനുവേണ്ട അണിയറയൊരുക്കങ്ങൾ നടന്നുകൊണ്ടിരുന്ന കാലമായിരുന്നു അത്.

ഇന്ത്യയിലെത്തിയ ഗാന്ധി, ഗോപാലകൃഷ്ണഗോഖലെയുടെ ഉപദേശമനുസരിച്ച്, ഒരു വർഷം നീണ്ട ഒരു ഭാരതപര്യടനമാരംഭിച്ചു. ഇന്ത്യൻജനതയുടെ പ്രശ്നങ്ങൾ നേരിട്ടു കണ്ടു മനസ്സിലാക്കുകയായിരുന്നു ലക്ഷ്യം. അതിനുശേഷമേ അദ്ദേഹം ദേശീയപ്രസ്ഥാനവുമായി കൈകോർത്തുള്ളൂ. പിന്നാലെ, സ്വാഭാവികമായിത്തന്നെ കോൺഗ്രസിന്റെയും ദേശീയപ്രസ്ഥാനത്തിന്റെയും നേതൃത്വം ഗാന്ധിജിയുടെ ചുമലിലായി. അതോടെ, ബ്രിട്ടീഷ്വിരുദ്ധപ്രക്ഷോഭങ്ങൾക്കു പുതിയ രൂപഭാവങ്ങൾ കൈവന്നു. അഹിംസാധിഷ്ഠിതമായ ഒരു സമരപരിപാടി, ആയുധമെടുക്കാതെയും ചോര ചൊരിയാതെയും ശത്രുവിനെ നേരിടുന്ന അത്യപൂർവയുദ്ധതന്ത്രം ഇന്ത്യൻ ജനതയ്ക്ക് അദ്ദേഹം ഉപദേശിച്ചുകൊടുത്തു. ബ്രിട്ടീഷ്ശക്തിയുടെ സൈനികപരാജയമല്ല, ഇന്ത്യയ്ക്കനുകൂലമായ മാനസിക പരിവർത്തനമാണു ഗാന്ധിജി ലക്ഷ്യം വച്ചത്. ശത്രുവിനെ വേദനിപ്പിച്ചുകൊണ്ടല്ല, സ്വയം വേദനിച്ചുകൊണ്ടു സമരം ചെയ്യുക. അങ്ങനെയാണു ഗാന്ധി സത്യാഗ്രഹസമരത്തിലേക്കെത്തിയത്.

▶ 8

# ശാസ്ത്രം ജയിക്കട്ടെ; പക്ഷേ, മനുഷ്യൻ തോൽക്കരുത് !..




ജോർജ് കാടൻകാവിൽ
ഡയറക്ടർ, ബെത്‌ലെഹം മാട്രിമോണിയൽ
9249392518




നമ്മുടെ സാമൂഹികജീവിതം നിരന്തരമായ മാറ്റങ്ങൾക്കു വിധേയമായിരുന്നു എക്കാലത്തും. ശാസ്ത്രം പുരോഗമിക്കുന്നതിന് ആനുപാതികമായി നമ്മുടെ കാഴ്ചപ്പാടുകൾക്കും മാറ്റം സംഭവിച്ചുകൊണ്ടിരിക്കുന്നു.

മനുഷ്യൻ എന്നൊരു ജീവി രണ്ടുകാലിൽ നിൽക്കാനാരംഭിച്ചിട്ട് നാലുകോടി വർഷം ആയെന്നാണ് ശാസ്ത്രം പഠിപ്പിക്കുന്നത്. ആ ജന്തു, വസ്ത്രം നിർമിക്കാൻ തുടങ്ങിയിട്ട് നാല്പതിനായിരം വർഷംമാത്രമേ ആയിട്ടുള്ളത്രേ!

മൂന്നുകോടി തൊണ്ണൂറ്റിയൊമ്പതുലക്ഷത്തിയറുപതിനായിരം (3,99,60,000) വർഷം വസ്ത്രംപോലും ധരിക്കാതെ കാട്ടിലും ഗുഹയിലും മരത്തിലും മറ്റുമാണ്, മനുഷ്യൻ കാട്ടു കനികൾ ഭക്ഷിച്ചും നായാടിയും കൃഷിചെയ്തും ഇരതേടി ജീവിച്ചുവന്നത്.

ഈ ലോകത്തിൽ കാറും വൈദ്യുതിയുമൊക്കെ ഉപയോഗിച്ചുതുടങ്ങിയിട്ട് നൂറ്റിയമ്പതു വർഷങ്ങളിൽ താഴെമാത്രം. ഇന്നു വൈദ്യുതിയും വണ്ടിയുമില്ലാതെ ജീവിക്കുന്ന കാര്യം മനുഷ്യർക്കു ചിന്തിക്കാൻപോലും സാധിക്കില്ല.

മൊബൈൽഫോൺ ആരംഭിച്ചത് 1995 ൽ, സ്മാർട്ട് ഫോൺ വന്നത് 2008 ൽ 16വർഷം മുമ്പാണ്. ഇന്നു ചുറ്റുമുള്ള മനുഷ്യരോടും, എത്രയും വേണ്ടപ്പെട്ടവരോടുംപോലും ഒരു നല്ല വാക്കു പറയാനോ അവരെ ഒന്നു ശ്രദ്ധിക്കാനോ മനസ്സും സമയവുമില്ലാത്തവിധം സ്മാർട്ട്ഫോണിലെ ലീലാവിലാസങ്ങളിൽമാത്രമായി പല മനുഷ്യരുടെയും ജീവിതം.

എന്നിട്ടു സ്വയം പരാതിപ്പെടും, 'എന്നെ ആർക്കും വേണ്ട, എന്നോടൊന്നു മിണ്ടാൻപോലും ഈ ലോകത്ത് ആരും ഇല്ല' എന്നൊക്കെ.

ഇക്കാലത്ത് ഏതാണ്ട് എല്ലാ പ്രൊഫഷണൽജോലിക്കാരും ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ സഹായത്തോടെ അവരുടെ ദൈനംദിന ഓഫീസ്ജോലികൾ ചെയ്തെടുക്കാൻ ശീലിച്ചു വരികയാണ്.

Artificial Intelligence - AI, എന്ന നിർമ്മിതബുദ്ധിയെക്കുറിച്ച് ഞാൻ കേട്ട ഒരു സാമ്പിൾ തമാശ പറയാം.

"കൊച്ചിനെ നോക്കാനും, ഭക്ഷണം വയ്ക്കാനും, പാത്രം കഴുകാനും ഒക്കെ ഏതെങ്കിലും AI ഉണ്ടായിരുന്നെങ്കിൽ എനിക്ക് സ്വസ്ഥമായിട്ടിരുന്ന് വല്ല കഥയോ കവിതയോ എഴുതാമായിരുന്നു"

അഭ്യസ്തവിദ്യയായ ഒരു ആധുനികവീട്ടമ്മയുടെ, അല്പം തമാശയും കാര്യവും കലർന്ന ആത്മഗതമാണിത്.

മനുഷ്യപ്രയത്നം കുറയ്ക്കാനുള്ള പുതിയ സംവിധാനങ്ങളെ പ്രതീക്ഷയോടെ കാത്തിരിക്കുകയും, സഹർഷം സ്വാഗതം ചെയ്യുകയും, അതെല്ലാം ഏതുവിധവും സ്വന്തമാക്കണമെന്നാഗ്രഹിക്കുകയും ചെയ്യുന്നവരാണ് നമ്മൾ.

നമ്മുടെ മക്കൾക്ക് ആവശ്യമായ മിക്ക കാര്യങ്ങളും, ഏറ്റവും വേഗത്തിലും എളുപ്പത്തിലും ചെയ്തുകൊടുത്തും, ചെയ്യിപ്പിച്ചുകൊടുത്തുമാണ്, ആധുനികതലമുറയിലെ മാതാപിതാക്കൾ മക്കളെ വളർത്തിയതും, സാങ്കേതികവിദ്യകൾ പരിശീലിപ്പിച്ചതും.

പുതിയ സാങ്കേതികവിദ്യകൾ സ്വായത്തമാക്കിയതോടെ, അധ്വാനിക്കാനും മിനക്കെടാനും നമുക്കു മടിയായിത്തുടങ്ങി. കഷ്ടപ്പാടുള്ള കാര്യങ്ങൾ ഒഴിവാക്കി, കമ്പ്യൂട്ടറിലോ മൊബൈലിലോ ഏതാനും ക്ലിക്കുകൾ കൊടുത്താൽ നടത്തിയെടുക്കാവുന്ന കാര്യങ്ങൾമാത്രം മതി തങ്ങൾക്ക്, എന്നു ചിന്തിക്കുംവിധം, തലമുറവ്യത്യാസമില്ലാതെ നമ്മുടെയെല്ലാം കാഴ്ചപ്പാടുകൾ മാറിപ്പോയിരിക്കുന്നു.

ലോകം വിരൽത്തുമ്പിലാക്കി അതിവേഗം ആവശ്യങ്ങൾ നടത്തിയെടുക്കാനായി, ശാസ്ത്ര-സാങ്കേതികവിദ്യകളെ അമിതമായി ആശ്രയിക്കുമ്പോൾ, മനുഷ്യന്റെ സ്വാഭാവികകഴിവുകളും, നൈസർഗികസിദ്ധികളും ക്ഷയിച്ചുപോകുന്നു എന്നത് ഒരു സ്വാഭാവികപ്രത്യാഘാതമാണ്. ഇത് നമ്മൾ പ്രത്യേകം മനസ്സിലാക്കിയിരിക്കണം.

Artificial Intelligence - ചില തീരുമാനങ്ങളെടുക്കാൻ നിരവധി വിവരങ്ങൾ, നമുക്കു വിശകലനം ചെയ്തു പരിഗണിക്കേണ്ടിവരും. നിർമിതബുദ്ധിയുടെ സഹായമുണ്ടെങ്കിൽ ഈ വിശകലനം നമുക്ക് അതിവേഗം ചെയ്യിച്ചെടുക്കാം. പക്ഷേ, ഓർമവേണം, നിർമിതബുദ്ധിയെ അമിതമായി ആശ്രയിക്കുമ്പോൾ, നിർണായകതീരുമാനങ്ങളെടുക്കാനുള്ള സ്വന്തം ബുദ്ധിയാണ് മന്ദഗതിയിലാകുന്നത്, സ്വന്തം മൂല്യങ്ങളാണ് നാമറിയാതെ മാഞ്ഞുപോകുന്നത്, സ്വന്തം ജീവിതമാണ് മനുഷ്യസഹജമായ പലതും അനുഭവിക്കാതെ അസ്തമിച്ചുപോകുന്നത്.

Decision Making - മനുഷ്യബുദ്ധിക്കു സാധിക്കുന്നതിലും വളരെ വേഗത്തിൽ ധാരാളം വിവരങ്ങൾ വിശകലനം ചെയ്യാൻ നിർമിതബുദ്ധിക്കു സാധിക്കും. എന്നാൽ, നിർമിതബുദ്ധി അതിന്റെ നിർണയങ്ങൾ പ്രസ്താവിക്കുന്നത് ആ ബുദ്ധി നിർമിച്ചവരും അതുപയോഗിക്കുന്നവരും പ്രോഗ്രാംവഴി അതിൽ കൊടുത്തിരിക്കുന്ന മൂല്യങ്ങൾ അനുസരിച്ചായിരിക്കും. അതിനാൽ ആ നിർണയങ്ങൾ, നമ്മുടെ മൂല്യങ്ങൾക്കും ധർമനീതികൾക്കും നിരക്കുന്നതാണോ എന്നുകൂടി വിലയിരുത്തിവേണം നമ്മുടെ തീരുമാനങ്ങളെടുക്കാൻ.

ഗർഭധാരണത്തിന്റെയും പ്രസവത്തിന്റെയും കഷ്ടപ്പാടുകൾ കൂടാതെ, നമ്മുടെ ഡി.എൻ.എ കൊടുത്താൽ, ഇങ്കുബേറ്ററിൽനിന്നും നമ്മുടെ കുഞ്ഞുങ്ങളെ, നമ്മളാഗ്രഹിക്കുന്ന കഴിവുകളും സിദ്ധികളുംകൂടി ചേർത്തു, പ്രോഗ്രാം ചെയ്തു സൃഷ്ടിക്കാൻ ഇപ്പോൾ ശാസ്ത്രത്തിനു സാധിക്കുമല്ലോ! അതുകൊണ്ട് തൊഴിലിൽ പരമാവധി നേട്ടങ്ങളുണ്ടാക്കിയശേഷം മതി, സ്വന്തം കുടുംബം എന്ന ഭാരം, എന്നുവരെ ചിന്തിക്കുന്ന കാഴ്ചപ്പാടുകളാണ് ഇന്നത്തെ തലമുറയിൽ ചിലർക്കെങ്കിലും.

മുൻതലമുറകളെ അപേക്ഷിച്ച് നമുക്കു സംഭവിച്ച പ്രധാന മാറ്റം, ശരീരത്തിനും മനസ്സിനും ആയാസംവരുന്ന പ്രവൃത്തികളോടുള്ള വിമുഖതയാണ്. അത്തരം ഏതെങ്കിലും ഒരുകാര്യത്തിൽ ശ്രദ്ധവച്ച് ദീർഘനേരം മിനക്കെട്ടു പ്രവർത്തിക്കുന്ന കാര്യം, ആലോചിക്കാൻപോലും കഴിയാത്തവിധം, നമ്മുടെ സ്വഭാവം മാറിപ്പോയിരിക്കുന്നു.

പക്ഷേ, തക്കതായ ലാഭമോ, മെച്ചമോ, നേട്ടങ്ങളോ ലഭിക്കും എന്നു ബോധ്യമാകുന്നവർ, എത്ര കഷ്ടപ്പാടുകളുണ്ടെങ്കിലും, ആ നേട്ടത്തിനുവേണ്ടി ദീർഘനേരം, ക്ഷമയോടെ, മിനക്കെട്ടു പ്രവർത്തിക്കാൻ തയ്യാറാകും. പരാജയങ്ങൾ നേരിട്ടാലും പിന്തിരിയാതെ, പുതിയ മാർഗങ്ങൾ കണ്ടുപിടിച്ച് സ്ഥിരപരിശ്രമം കൊണ്ട് തങ്ങളുടെ ലക്ഷ്യം അവർ നേടിയെടുക്കാറുമുണ്ട്.

കുടുംബജീവിതം എന്നു പറയുമ്പോൾ, പ്രത്യക്ഷത്തിൽ ലാഭം ഒന്നും കാണാനില്ലാത്ത ഏർപ്പാട്, എന്നാണ് പലരും കണക്കാക്കുന്നത്. വിവാഹം ചെയ്തു സ്വന്തമായി ഒരു കുടുംബം ആരംഭിച്ചാൽപിന്നെ, അതു കൊണ്ടുനടത്താൻ, ഒരുപാടു കാര്യങ്ങളിൽ ഒരേസമയം ശ്രദ്ധവച്ച്, ശരീരത്തിന്റെയും മനസ്സിന്റെയും ആയാസങ്ങൾ സന്തോഷത്തോടെ ഏറ്റെടുത്ത്, സ്ഥിരോത്സാഹത്തോടെ പ്രവർത്തിക്കുകയും, കുടുംബത്തിലുള്ളവരെ എല്ലാം ബോദ്ധ്യപ്പെടുത്തുംവിധം, പെരുമാറുകയും ചെയ്യേണ്ടിവരുമല്ലോ എന്നൊക്കെ പരിഗണിച്ച്, കുടുംബജീവിതത്തോടു വിമുഖത പ്രകടിപ്പിക്കുന്ന നിരവധി ആളുകളുണ്ട്. കുടുംബജീവിതത്തിന്റെ നേട്ടങ്ങൾ എന്തൊക്കെ എന്നുകൂടി ശ്രദ്ധിച്ചശേഷം നിങ്ങൾക്കു യോജിച്ച തീരുമാനം എടുക്കൂ എന്നേ എനിക്കു പറയാനുള്ളു.

ഭൗതികമായ നേട്ടങ്ങളും സമ്പത്തും, മരിക്കുമ്പോൾ നിങ്ങളുടെകൂടെ വരില്ല. അതെല്ലാം അവകാശത്തിന്റെ നിയമവും കണക്കും, ചിലപ്പോൾ കേസും പറഞ്ഞ്, ഓരോരുത്തർ കൊണ്ടുപൊയ്ക്കൊള്ളും.

ജീവിച്ചിരിക്കുമ്പോൾ നമ്മൾ സൃഷ്ടിച്ചിട്ടുള്ള അനുഭവങ്ങൾമാത്രമായിരിക്കും, അവസാനം സ്വന്തമായി നമ്മുടെ കൂടെയു ണ്ടാവുക.

നമ്മൾ ആർക്കെങ്കിലും, എന്തെങ്കിലും, നല്ല അനുഭവങ്ങൾ കൊടുത്തിട്ടുണ്ടെങ്കിൽ, നമ്മുടെ മരണശേഷം അവരുടെമാത്രം മനസ്സിൽ അതു നിലനിന്നേക്കും. അങ്ങനെ നമ്മുടെ മരണശേഷവും, നമ്മുടെ പ്രി യപ്പെട്ടവരുടെ ഓർമകളിൽ ജീവിക്കാൻ നമുക്കു സാധിക്കും. പങ്കാളിയും മക്കളും ചേർന്ന് ഒരു കുടുംബമായി, ധാരാളം നല്ല അനുഭവങ്ങൾ സൃഷ്ടിക്കുമ്പോഴാണ്, ഒരു വ്യക്തിക്ക്, സന്തോഷം, തൃപ്തി, ശാന്തി, സ്നേഹം തുടങ്ങിയ മൃദുലവികാരങ്ങൾ അനുഭവിക്കാൻ സാധിക്കുന്നത്. സങ്കടം, അതൃപ്തി, കോപം, വെറുപ്പ് തുടങ്ങിയ നി ഷേധവികാരങ്ങളെ ഫലപ്രദമായി നിയന്ത്രിക്കാനും സ്വന്തം കുടുംബം എന്ന ചിന്ത സഹായിക്കും.

പരാജയങ്ങളും നഷ്ടങ്ങളും വരുമ്പോൾ അതിനെ അതിജീവിക്കുവാൻ, മനസ്സിന് ഊർജം തരുന്നതും, തളരുമ്പോൾ താങ്ങാവുന്നതും, കുടുംബത്തിൽനിന്നു ലഭിക്കുന്ന അനുഭൂതികൾവഴിയാണ്.

കുടുംബജീവിതം കഷ്ടപ്പാടുകൾ നിറഞ്ഞതുതന്നെ, സംശയമില്ല. എന്നാൽ, ആ കഷ്ടപ്പാടുകളാണ്, യഥാർഥ സന്തോഷത്തിന്റെയും, മനുഷ്യവംശത്തിന്റെതന്നെയും, ഈറ്റില്ലം. ആ കഷ്ടപ്പാടുകളാണ് മനുഷ്യനിൽ കരുത്തും കാര്യപ്രാപ്തിയും വളർത്തുന്നത്. അതുകൊണ്ടാണ് അതിനെ അനുഭവസമ്പത്തെന്നു പറയുന്നത്.

മനുഷ്യൻ ഒരു സാമൂഹികജീവിയാണ്. ഇടപെടാൻ മറ്റൊരു മനുഷ്യജീവികൂടി ഇല്ലെങ്കിൽ, അധികനാൾ സുബോധത്തോടെ ജീവിച്ചിരിക്കാൻ സാധിക്കാത്ത ഒരു ജീവിയാണ് മനുഷ്യൻ.

എത്ര വിജ്ഞാനം നേടിയാലും അതിന്റെ ഫലങ്ങൾ വിലമതിക്കുകയോ, പ്രയോജനപ്പെടുത്തുകയോ, ഗുണങ്ങൾ പങ്കുവയ്ക്കുകയോ ചെയ്തെങ്കിലല്ലേ, അതൊക്കെ ശരിക്കും നേട്ടമാവുകയുള്ളൂ. നേടിയ വിജ്ഞാനത്തിന്റെ ദോഷങ്ങൾ പരിഹരിക്കാനും പരസഹായം അത്യാവശ്യമാണ്. അങ്ങനെ പങ്കുവയ്ക്കാനും, പരിഹാരംതേടാനും, നമുക്കു ചുറ്റും, മറ്റു മനുഷ്യരുംകൂടി ഉണ്ടായിരിക്കേണ്ടത്, നമ്മുടെ നിലനില്പിന്റെ തന്നെ ആവശ്യമാണ്.

സ്ത്രീയും പുരുഷനുംകൂടി പങ്കാളികളായി ചേർന്നാണ്, മറ്റു മനുഷ്യരെ സൃഷ്ടിക്കുന്നത്. അതിനുപകരം 'എന്റെ വിജ്ഞാനം പരീക്ഷിക്കാൻ ആവശ്യമുള്ള അത്രയും മനുഷ്യരെ, ഞാൻ യന്ത്രത്തിൽ സൃഷ്ടിച്ചുകൊള്ളാം' എന്നൊക്കെ ചിന്തിക്കാൻ തോന്നുംവിധം, നമ്മുടെ ശാസ്ത്രവിധേയത്വം വളർന്നു വഷളാകാൻ അനുവദിക്കരുതേ എന്നാണ് എന്റെ പ്രാർഥന.

വിജ്ഞാനത്തിന്റെ കണ്ടുപിടിത്തങ്ങൾ ഗംഭീരം! പക്ഷേ, യന്ത്രത്തിൽ സൃഷ്ടിച്ച മനുഷ്യന്റെ പെരുമാറ്റം, മാനുഷികമോ? യാന്ത്രികമോ? ഏതായിരിക്കും എന്നുകൂടി ചിന്തിക്കുന്ന ശീലത്തിനാണ്, വിവേകം അഥവാ ജ്ഞാനം എന്നു പറയുന്നത്.

ഇത്രയും ഇവിടെ പറയുന്നത് നിർമിതബുദ്ധിയെ നിഷേധിക്കാനല്ല. നേരേമറിച്ച്, മനുഷ്യബുദ്ധി സൃഷ്ടിച്ച ശാസ്ത്രത്തെ, നമ്മുടെ ചൊൽപ്പടിയിൽ നിർത്തി, മനുഷ്യന്റെ ഭൗതികാവശ്യങ്ങൾ നടത്തിയെടുക്കാൻ സഹായകരമാക്കണം. പക്ഷേ, ആ നിർമിതബുദ്ധിക്കു കീഴടങ്ങി, നമ്മുടെ മനുഷ്യത്വവും, മാനുഷികമൂല്യങ്ങളും കൈമോശം വരാതെ, മനുഷ്യബുദ്ധിതന്നെ ജയിച്ചു നിൽക്കണം, എന്ന് ഓർമിപ്പിക്കാനാണ്.

ചുരുക്കത്തിൽ, ഒരു മനുഷ്യജീവിതം സമ്പൂർണമാകുന്നത്, ജനനത്തിൽതുടങ്ങി, വിദ്യാഭ്യാസം, ജ്ഞാനസമ്പാദനം, സ്വകർമാനുഷ്ഠാനം മുതലായവയിൽകൂടി വളർന്ന്, അന്യോന്യസ്നേഹം, പരിപൂർണപരസ്പരവിശ്വാസം, ബഹുമാനം ഇവയെല്ലാം അടങ്ങിയ ഒരു കുടുംബജീവിതത്തിൽക്കൂടി, ഒരു പുതിയ തലമുറയെ സൃഷ്ടിച്ച്, അവർക്കു തങ്ങളുടെ കഴിവുകൾ പകർന്നുകൊടുത്ത്, അവർ സ്വയംപര്യാപ്തരാകുന്നതു കണ്ട്, സമ്പൂർണസംതൃപ്തിയോടുകൂടി ജീവിതം അവസാനിക്കുമ്പോഴാണ്.

ഇതാണ് മനുഷ്യജീവിതത്തിന്റെ സുപ്രധാനലക്ഷ്യം. ഈ വീഥി മനസ്സിലാക്കി ഇതുവഴി പോകുവാൻ മടിക്കുന്നവർ, മറ്റു മനുഷ്യരെ വിശ്വസിക്കാൻ ഭയപ്പെടുന്നവരാണ്. വിശ്വാസവഞ്ചനകൾ നേരിടേണ്ടിവന്നാലും ഭയപ്പെടരുത്. അത്തരം അനുഭവങ്ങൾ സത്യത്തിൽ നമ്മുടെ കരുത്തു വർദ്ധിപ്പിക്കാൻ സഹായിക്കുന്നു എന്നു മറക്കരുത്.

ഇതല്ലാതെ മറ്റേതെങ്കിലും വീഥികളിൽക്കൂടി അലഞ്ഞുതിരിഞ്ഞ്, അവസാനം നിരാശരും, നിസംഗരുമായി, കാണാൻ നല്ല സ്റ്റൈലും സൗകര്യങ്ങളും ഉണ്ടെങ്കിലും, ആർക്കും വേണ്ടാത്തവരായി, ജീവിതം അവസാനിക്കാൻ ഇടയാക്കരുതേ.

വിജ്ഞാനം, വിവേകശൂന്യമായി ഉപയോഗിക്കുമ്പോൾ -
ശാസ്ത്രം ജയിച്ചേക്കാം; പക്ഷേ, മനുഷ്യൻ തോൽക്കും.


Bethlehem Matrimonial.com

www.bethlehemmatrimonial.com

ADVT.

# സ്വർഗം സമ്മാനിച്ച സ്വാതന്ത്ര്യം

### ഓഗസ്റ്റ് 15 : പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗാരോപണത്തിരുനാൾ



ഫാ. തോമസ് പാട്ടത്തിൽചിറ CMF

സ്വർഗത്തിലേക്കുള്ള കന്യകാമാതാവിന്റെ കരേറ്റം പരമമായ സ്വാതന്ത്ര്യത്തിലേക്കുള്ള പ്രവേശനമായിരുന്നു. വേദഗ്രന്ഥത്തിന്റെ വെളിച്ചത്തിലാണ് ക്രൈസ്തവവിശ്വാസികൾ സുസ്ഥിരമായ സ്വാതന്ത്ര്യത്തിന്റെ നിർവചനം വായിച്ചെടുക്കേണ്ടത്. അത് ആത്യന്തികമായും ദൈവമക്കളുടെ സ്വാതന്ത്ര്യമാണ് (റോമാ. 18:21). ദൈവാത്മാവിനാൽ നയിക്കപ്പെടുന്നവരാണ് ദൈവമക്കൾ (റോമാ 8:14). ആത്മാവു തെളിക്കുന്ന വഴിയേ ചരിക്കുന്നവരും, അവിടുത്തെ പ്രചോദനങ്ങളുടെയും നിമന്ത്രണങ്ങളുടെയും നിയന്ത്രണങ്ങൾക്കു തങ്ങളെത്തന്നെ വിട്ടുകൊടുക്കുകയും ചെയ്യുന്നവർ. അങ്ങനെയുള്ളവർ അനുഭവിക്കുന്ന സ്വാതന്ത്ര്യം മറ്റുള്ളവയെ എല്ലാം അതിലംഘിക്കുന്ന ഒന്നാണ്. മാനുഷികവും ഭൗമികവുമായ സകലവിധ അടിമത്തങ്ങളിൽ നിന്നുമുള്ള വിടുതലിനേക്കാൾ ഉപരിയായി പൈശാചികവിലങ്ങുകളിൽനിന്നുള്ള വിമോചനമാണത്. മണ്ണിനോടു നമ്മെ വരിഞ്ഞുകെട്ടിയിരിക്കുന്ന എല്ലാ ആസക്തികളിൽനിന്നുമുള്ള മോചനം. ഇത്തരത്തിലുള്ള സ്വാതന്ത്ര്യമാണ് മറിയത്തിനുണ്ടായിരുന്നത്. ചേറ്റിലാണ് ചുവടെങ്കിലും ജലപ്പരപ്പിനു മീതെ വാരിജങ്ങളെ വിരിയിക്കുന്ന താമരച്ചെടിയുടെ സ്വാതന്ത്ര്യവൈശിഷ്ട്യത്തോടെയാണ് അവൾ ജീവിച്ചത്. പുത്രനായ ദൈവത്തിന്റെ ആദ്യത്തെ അനുയായിയായ അവൾ ലോകത്തിലായിരുന്നെങ്കിലും ലോകത്തിന്റേതായിരുന്നില്ല. സ്വർഗം സമ്മാനിക്കുന്ന സ്വാതന്ത്ര്യമാണ് സത്യവും സ്ഥായിയുമായിട്ടുള്ളതെന്നു മറിയം നമ്മെ അനുസ്മരിപ്പിക്കുന്നു.

മനുഷ്യൻ ഭൗമികമായ എല്ലാ ബന്ധനങ്ങളിൽ നിന്നും മുക്തി നേടി ജീവിതയാനത്തിന്റെ ചുക്കാൻ ദൈവാത്മാവിന്റെ കരങ്ങളിൽ കൊടുക്കുമ്പോഴും, അവനിൽ ദൈവം നിക്ഷേപിച്ചിട്ടുള്ള നാനാവിധ നൈപുണ്യങ്ങളെ പരിപോഷിപ്പിച്ച് പൂർണ്ണത പ്രാപിക്കുമ്പോഴുമാണ് പരമാർഥത്തിൽ സ്വതന്ത്രനാകുന്നത്. ഒരു സാധാരണസ്ത്രീയായിരുന്ന കന്യകാമറിയം 'ഇതാ, കർത്താവിന്റെ ദാസി, നിന്റെ ഹിതം പോലെ എന്നിൽ സംഭവിക്കട്ടെ' (ലൂക്കാ 1:38) എന്ന എളിയമനോഭാവത്തോടെ കർത്തൃകരങ്ങളിലേക്കു സ്വയം സമർപ്പിച്ചപ്പോഴും, പ്രാപഞ്ചികമായ സകലശക്തികളുടെയും സ്വാധീനത്തിൽ നിന്നു വിമുക്തയായി തന്റെ ജീവിതാവസാനത്തിൽ ആകാശങ്ങളിലേക്ക് ആനയിക്കപ്പെട്ടപ്പോഴും അക്ഷരാർഥത്തിൽ സ്വതന്ത്രയാവുകയാണു ചെയ്തത്.

കളങ്കരഹിതയായി ജീവിച്ച കന്യാജനനിക്ക് സുരലോകം നല്കിയ സമ്മാനമാണ് സ്വർഗാരോപണം! പാപത്തിന്റെ പൊട്ടുപോലുമില്ലാതെ അവികലമായ ആത്മാവോടും, ശുദ്ധമായ ശരീരത്തോടുംകൂടി സർവശക്തന് ഏറ്റവും സംപ്രീതയായി ജീവിച്ച അവൾക്ക് വിണ്ടലം വച്ചുനീട്ടിയ പരമോന്നതപാരിതോഷികം! മാലാഖമാരുടെ കരരഥത്തിലേറി മാനത്തിനപ്പുറത്തേക്കു കടന്നുപോകാനുള്ള സുവർണഭാഗ്യം അവൾക്കു കൈവന്നു! സാധുവായ ഒരു സ്ത്രീജന്മത്തിന് ഇതിലുപരിയായി എന്താണ് സ്വന്തമാകാനുള്ളത്! ഇഹത്തിലെ വാസകാലം മുഴുവൻ ദൈവികദാനങ്ങൾക്കുവേണ്ടി ദാഹിക്കുകയും വിശക്കുകയും ചെയ്ത അവളെ വാനിടത്തിൽ വിശിഷ്ടവിഭവങ്ങൾകൊണ്ട് സർവേശൻ സംതൃപ്തയാക്കി! മന്നിൽ മനുഷ്യത്വത്തിന്റെ മികവു തെളിയിച്ച മറിയത്തിന് ദൈവം വിണ്ണിൽ വരദാനങ്ങളുടെ തികവു നല്കി. മണ്ണിൽനിന്നെടുക്കപ്പെട്ടവരാണു നാമെങ്കിലും മണ്ണിന്റെ മാലിന്യങ്ങളിൽ മുഴുകിക്കഴിയേണ്ടവരല്ലെന്നും; മറിച്ച്, കറകളഞ്ഞ ജീവിതശൈലിവഴി സ്വർഗസമ്മാനം നേടേണ്ടവരാണെന്നും മറിയം ഓർമിപ്പിക്കുന്നു.

തിന്മയുടെമേൽ നന്മ നേടിയ ആത്യന്തികമായ വിജയത്തിന്റെ പെരുമ്പറയാണ് സ്വർഗാരോപണത്തിൽ മുഴങ്ങിക്കേൾക്കുന്നത്! തിന്മയെ നന്മകൊണ്ടു കീഴടക്കണമെന്നുള്ള (മത്താ. 5:38-42) കർത്തൃവചസ്സുകളെ ഹൃദയഫലകത്തിൽ കുറിച്ചിട്ടു സദാ ധ്യാനിച്ച മറിയം നന്മയുടെ മാത്രം മണവും നിറവുമുള്ള നറുമലരായി വിടർന്നുല്ലസിച്ചു! പാപത്തിന്റെ പ്രതീകമായ പാമ്പിനെ തന്റെ ചരണപത്മങ്ങൾകൊണ്ട് ചവിട്ടിപ്പിടിച്ച് അവൾ മുഴുവൻ പൈശാചികശക്തികളുടെയുംമേൽ പരിപൂർണവിജയം വരിച്ചു! അവളുടെ പവിത്രമായ പാദങ്ങൾക്കടിയിൽ പിശാചും അവന്റെ ചെയ്തികളും ചതഞ്ഞരഞ്ഞു! വിണ്ണിന്റെയും മണ്ണിന്റെയും റാണിയായി അവൾ അവരോധിക്കപ്പെട്ടു! ശാലീനയായ അവളുടെ ശിരസ്സിന് അലങ്കാരമായി ദൈവികപുണ്യങ്ങളാൽ വിളങ്ങുന്ന ഒരു രത്നഖചിതകിരീടവും അണിയിക്കപ്പെട്ടു!



മാതൃരാജ്യത്തിന്റെ സ്വാതന്ത്ര്യലബ്ധിയിൽ അഭിമാനിക്കുന്ന നാം നമ്മുടെ സഹജീവികൾക്കു കൊടുക്കേണ്ട ഏറ്റവും ഉദാത്തവും അമൂല്യവുമായ ഉപഹാരം സ്വാതന്ത്ര്യംതന്നെയാണ്. മറ്റുള്ളവരുടെ സ്വാതന്ത്ര്യത്തെ വിലമതിക്കുക. നമ്മുടേതുപോലെതന്നെ മറ്റുള്ളവരുടെയും മൗലികാവകാശമാണത്. അന്യരുടെ സ്വാതന്ത്ര്യത്തെയും അവകാശങ്ങളെയും നിഹനിക്കുന്നവിധത്തിലുള്ള നിലപാടുകളും, കർമ്മങ്ങളും, വാക്കുകളും ഒരിക്കലും നമുക്കു ഭൂഷണമല്ല. മതം, വിശ്വാസം, രാഷ്ട്രീയം, ഭക്ഷണം, വസ്ത്രം തുടങ്ങി വ്യക്തിജിവിതവുമായി ബന്ധപ്പെട്ട എല്ലാ മേഖലകളിലും സ്വതന്ത്രമായ തീരുമാനങ്ങളെടുക്കാനും, അവയിൽ ഉറച്ചുനില്ക്കാനും മനുഷ്യർക്കെല്ലാവർക്കും തുല്യാവകാശമാണുള്ളത്. സഹജരുടെ സ്വാതന്ത്ര്യത്തെ ആദരിക്കുക; സ്വാതന്ത്ര്യം സമ്മാനിക്കുക, സ്വാതന്ത്ര്യം സ്വീകരിക്കുക.

കത്തോലിക്കാവിശ്വാസികൾക്ക് മാതാക്കൾ മൂവരാണ്. പെറ്റമ്മ,പോറ്റമ്മ,പരിശുദ്ധയമ്മ! നൊന്തുപെറ്റ അമ്മയെ ആദരിക്കാം, പരിചരിക്കാം. പോറ്റിവളർത്തുന്ന ഭാരതാംബയെ പ്രണമിക്കാം, പ്രണയിക്കാം. സ്വർഗീയജനനിയായ കന്യാമേരിയെ നമിക്കാം, നെഞ്ചിലേറ്റാം. നമ്മുടെ മാതൃരാജ്യത്തിന്റെ ഇപ്പോഴത്തെ അവസ്ഥയെക്കുറിച്ച് ഒറ്റവാചകത്തിൽ ഇങ്ങനെ കുറിക്കട്ടെ: സ്വാതന്ത്ര്യം കിട്ടിയതോടെ ഭാരതത്തിന്റെ ഭരണവും ഭദ്രതയും ഭാവിയും വെള്ളക്കാരിൽനിന്നു കൊള്ളക്കാരിലേക്കു കൈമാറപ്പെട്ടു. പരസ്പരം പഴി പുലമ്പിയിട്ടു പ്രയോജനമൊന്നുമില്ല. സ്വയം നന്നാവുക; നന്മയുടെ നുറുങ്ങുവെട്ടമെങ്കിലും മണ്ണിൽ അവശേഷിക്കട്ടെ; വരും തലമുറകളെ തെല്ലെങ്കിലും പ്രകാശിപ്പിക്കട്ടെ! നടന്നുനീങ്ങിയ ഇടങ്ങളെയെല്ലാം നന്മശോഭിതമാക്കിയ നസ്രത്തിലെ ഒരു നാടൻകന്യകയെ സ്വസ്തി തേ, കൃപാപൂരിതേ എന്ന് അന്നൊരിക്കൽ സ്വർഗീയദൂതൻ അഭിവാദ്യം ചെയ്തത് ഓർമിക്കുന്നില്ലേ? ഇന്ന്, വിജയകിരീടവിരാജിതയായി വിണ്ണിൽവാഴുന്ന ആ കന്യാമണിയെ നമുക്ക് ഇപ്രകാരം അഭിവാദനം ചെയ്യാം: 'സ്വസ്തി തേ, സ്വർഗാരോപിതേ!'

■

# സീറോ മലബാർ സഭ മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലി ഓഗസ്റ്റ് 22 മുതൽ 25 വരെ പാലായിൽ

### മെത്രാന്മാരും വൈദിക, സമർപ്പിത, അല്മായ പ്രതിനിധികളും ഉൾപ്പെടെ 360 പേർ പങ്കെടുക്കും

കാക്കനാട്: സീറോ മലബാർ സഭയുടെ അഞ്ചാമത് മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലി ഓഗസ്റ്റ് 22 മുതൽ 25 വരെ പാലാ രൂപതയുടെ ആതിഥേയത്വത്തിൽ അരുണാപുരത്തുള്ള അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നടക്കും.

സഭ മുഴുവന്റെയും ആലോചനായോഗമാണ് മേജർ ആർച്ചുബിഷപ് അധ്യക്ഷനായുള്ള മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലി അഥവാ സഭായോഗം. മെത്രാന്മാരുടെയും പുരോഹിത, സമർപ്പിത, അല്മായപ്രതിനിധികളുടെയും സംയുക്തയോഗമായ അസംബ്ലി അഞ്ചുവർഷത്തിലൊരിക്കലാണ് കൂടുന്നത്. സഭയിൽ പ്രധാനപ്പെട്ട കാര്യങ്ങൾ തീരുമാനിക്കേണ്ടിവരുമ്പോൾ, മേജർ ആർച്ചുബിഷപ്പിനെയും മെത്രാൻസിനഡിനെയും സഹായിക്കാൻവേണ്ടിയുള്ള ആലോചനായോഗമാണിത്.


ഇതിനുമുമ്പ് അസംബ്ലി നടന്നത് 2016 ലാണ്. 2021 ൽ നടക്കേണ്ടിയിരുന്ന അസംബ്ലി കൊവിഡിനെത്തുടർന്നു വൈകുകയായിരുന്നു. പുതുക്കിയ നിയമപ്രകാരം, 80 വയസ്സിൽ താഴെയുള്ള മെത്രാന്മാരും വൈദിക, സമർപ്പിത, അല്മായ പ്രതിനിധികളും ഉൾപ്പെടെയുള്ള 360 അംഗങ്ങളാണ് ഇത്തവണ പങ്കെടുക്കുന്നതെന്നു സീറോ മലബാർ സഭ മേജർ ആർച്ചുബിഷപ് മാർ റാഫേൽ തട്ടിൽ അറിയിച്ചു.

'കാലാനുസൃതമായ സഭാജീവിതവും ദൗത്യവും സീറോ മലബാർ സഭയിൽ' എന്നതാണ് ഇത്തവണത്തെ പ്രമേയം. വിശ്വാസരൂപീകരണത്തിന്റെ നവീകരണം, സുവിശേഷപ്രഘോഷണത്തിലെ അല്മായ പങ്കാളിത്തം, സീറോ മലബാർ സമുദായശക്തീകരണം എന്നീ വിഷയങ്ങളും അസംബ്ലിയുടെ പ്രത്യേക വിചിന്തനത്തിനു വിധേയമാകും.

1992 ൽ മേജർ ആർക്കി എപ്പിസ്കോപ്പൽ പദവിയിലേക്ക് ഉയർത്തപ്പെട്ടതിനുശേഷം ആദ്യത്തെ അസംബ്ലി നടന്നത് 1998 ലായിരുന്നു. കൺവീനർ മാർ പോളി കണ്ണൂക്കാടൻ, പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് എന്നിവരുടെ നേതൃത്വത്തിൽ അസംബ്ലിയുടെ വിജയകരമായ നടത്തിപ്പിനുവേണ്ടി വിവിധ കമ്മിറ്റികൾ പ്രവർത്തിച്ചുവരുന്നു.

■

# സ്വാതന്ത്ര്യം 'എ.ഐ.'യുടെ കാൽക്കീഴിലോ?



**റ്റോം ജോസ് തഴുവംകുന്ന്**

നമ്മുടെ സ്വാതന്ത്ര്യത്തെക്കുറിച്ച് നാമേറെ അഭിമാനിക്കുന്നവരാണ്. വൈദേശികാടിമത്തത്തിൽ നിന്നു നമ്മുടെ രാജ്യം സ്വാതന്ത്ര്യം പ്രാപിച്ചത് ശരിയായ കാഴ്ചപ്പാടുള്ളവരുടെ സഹനസമരത്തിലൂടെയായിരുന്നു. സുഖയാത്രയുടെ അബദ്ധവിചാരത്തിൽ ജീവിക്കുന്ന ആൾക്കൂട്ടത്തിന്റെ കാലമാണിത്. സ്വാതന്ത്ര്യത്തെക്കുറിച്ച് വീണ്ടുവിചാരമില്ലാതെ ജീവിക്കുന്നവർ! സ്വാതന്ത്ര്യം വീണ്ടും അടിമത്തമായി മാറിയോയെന്നു ചിന്തിക്കുന്നത് ഉചിതമാണ്.



സ്വാർഥതയുടെ 'തടവറ'യിലാണ് നാമിന്ന്. താൻപോരിമയുടെ ഉച്ചസ്ഥായിയിലുള്ള അപശബ്ദങ്ങളാണ് പലയിടങ്ങളിൽനിന്നുമുയരുന്നത്. അപരനെ തിരിച്ചറിയാനാകാത്തവിധം സ്വാർഥത നമ്മുടെ ഹൃദയത്തിൽ ഇരുട്ടുപരത്തിയിരിക്കുന്നു. ഐക്യവും അഖണ്ഡതയും പ്രസംഗിക്കുമ്പോഴും 'വിഘടനം' ഒരു സ്വപ്നമായി നാം കൊണ്ടുനടക്കുന്നുണ്ടോയെന്നു സംശയിക്കണം.

തോളോടു തോൾ ചേരുന്ന ഹൃദയത്തുറവിന്റെ സ്വർഗീയ കാഴ്ചകളിലാണ് സ്വാതന്ത്ര്യം അർഥം പ്രാപിക്കുന്നത്. ആർട്ടിഫിഷ്യൽ ഇന്റലിജൻസുമായി ടെക്നോളജിയുടെ കടന്നുവരവിൽ നാം വീണ്ടും അടിമത്തത്തിലാകുന്നു! നമുക്കു നാംതന്നെ താങ്ങും തണലുമാകാത്തിടത്താണ് 'എ.ഐ.' പരിഹാരം തേടുന്നത്. മൃഗസ്നേഹികൾ 'മൃഗാവകാശങ്ങൾ' ഹർജികളാക്കുമ്പോൾ സൃഷ്ടിയുടെ മകുടമായ മനുഷ്യന്റെ അവകാശങ്ങൾ ചവിട്ടിയരയ്ക്കപ്പെടുന്നു. കാർഷികസംസ്കൃതി നിറഞ്ഞ നമ്മുടെ നാട്ടിൽ കൃഷിയും കർഷകരും നിരന്തര അവഗണനയിലാകുന്നതും അടിമത്തമല്ലേ? ബഹുമുഖപ്രതിഭകളും എണ്ണമറ്റ സാധ്യതകളും ഉണ്ടായിട്ടും തൊഴിൽ തേടി നാളെയുടെ മക്കൾ രാജ്യം വിടുന്നതും അടിമത്തമാണ്.

പാർപ്പിടം, ഭക്ഷണം, കുടിവെള്ളം തുടങ്ങിയ അടിസ്ഥാനാവശ്യങ്ങൾപോലും നിറവേറ്റാനാവാതെ പതിനായിരങ്ങൾ കഴിയുന്ന നാട്ടിൽ തൃപ്തി കണ്ടെത്താനാകാത്തവിധം വികസനം മുരടിച്ചിരിക്കുന്ന സ്വാതന്ത്ര്യനേട്ടത്തിനു ശോഭയുണ്ടോ? അപര്യാപ്തതകളുടെ നടുവിൽ സ്വാതന്ത്ര്യാഘോഷം ഉപരിപ്ലവമാകില്ലേ? മനസ്സിൽ സഹോദരങ്ങൾക്ക് ഇടമില്ലാത്തിടത്തോളം നാം അടിമത്തത്തിൽത്തന്നെയല്ലേ? സീമാതീതമായ പിടിവിട്ടു പറക്കലല്ല സ്വാതന്ത്ര്യം; മറിച്ച്, അതിർത്തികളും അതിരുകളുമുള്ള ജീവിതത്തിന്റെ തിരിച്ചറിവാണ് സ്വാതന്ത്ര്യം!

മനുഷ്യർക്കു മനുഷ്യരെയും ഒപ്പം, വന്യമൃഗങ്ങളെയും പേടിക്കണം. ഇതിനിടയിൽ നിയമത്തിന്റെ സംരക്ഷണം മൃഗങ്ങൾക്കു തന്നെയെന്നതും വിചിത്രമായ സ്വാതന്ത്ര്യവും പുരോഗതിയുമാണ്.

നമ്മുടെ ഉന്നതവിദ്യാഭ്യാസം പ്രവാസത്തിന്റെ ചിറകിലേറുമ്പോൾ, അതിനിടയിലൂടെ അരക്ഷിതാവസ്ഥയും നിരക്ഷരതയും ക്രൂരതയും അവിശ്വാസവും മോഷണവും കൊല്ലും കൊലയുമായി നമുക്കിടയിലേക്കു നുഴഞ്ഞുകയറി വേരുറപ്പിക്കുന്ന കാഴ്ചയാണിന്നു കാണുന്നത്. നാട്ടിലെ തൊഴിലും ജീവിതസുരക്ഷയും അപകടത്തിലാകുമ്പോൾ അവസരം മുതലാക്കുന്ന 'അതിഥി' കളെ നാം അകക്കണ്ണു തുറന്നു കാണണം.

മക്കൾ ചിറകടിച്ചു പറന്നുപോകുന്നു. നാട്ടിൽ വൃദ്ധർ തടവറയിലാകുന്നു; അനാരോഗ്യവും ശുഷ്കായുസ്സും അവരെ വേട്ടയാടുന്നു. മക്കൾക്കുപകരം 'അതിഥി'കൾ വൃദ്ധപരിചരണം ഏറ്റെടുക്കുമ്പോൾ ഓർമകളുടെ തടങ്കലിൽ മൗനം തളംകെട്ടിനില്ക്കുന്നു. ഭീതിയും ആശങ്കയും ആകുലതയും നാടിന്റെ ഭാഗമാകുന്നു; മലയാളത്തിന്റെ ആൾബലവും കുടുംബബലവും ഇല്ലാതാകുന്നു. പഴയ തലമുറ മണ്ണടിയുന്നതോടെ കുടുംബബന്ധങ്ങൾ ഓർമയാകുന്നു. സ്വാതന്ത്ര്യം എവിടെയെത്തിനില്ക്കുന്നു? വികസനം ആശാവഹമായി വളരുന്നുണ്ടോ? ചിന്തിക്കണം; തിരുത്തണം.

നാളെയുടെ കേരളത്തിന്റെ 'യുവത്വം' അപകടത്തിലാണ്. യുവതയില്ലാത്തിടത്തു വളർച്ചയില്ലാതാകും; വൃദ്ധരുടെ തേങ്ങൽ നൊമ്പരമുളവാക്കും; മനുഷ്യർക്ക് മനുഷ്യർതന്നെയാണ് സഹയാത്രികർ. ഭാഷയും സംസ്കാരവും ബന്ധസ്വന്തങ്ങളും പാരമ്പര്യങ്ങളും തകിടംമറിക്കുന്ന കുടിയേറ്റം ഭയാനകമാണ്.

മനസ്സിന്റെ സ്വസ്ഥതയ്ക്കും സ്വാതന്ത്ര്യത്തിനും വിഘാതമാക്കുന്ന ബന്ധങ്ങളുടെ അകൽച്ച മറ്റെന്തുണ്ടെങ്കിലും നമുക്കിടയിൽ അസ്വസ്ഥതകൾ തീർക്കുന്നതുതന്നെ. നമുക്കിടയിൽ അനുനിമിഷം പടരുന്ന ഏകാന്തതയിലേക്കാണ് പല ക്രൂരതകളുടെയും അരുതായ്മകളുടെയും ഇരച്ചുകയറ്റം! നമ്മുടെ യുവതയുടെ ശൂന്യതയിലേക്കു പല അതിഥികളും കടന്നുകയറുന്നുണ്ട്. സ്വാതന്ത്ര്യത്തിന് അർഥം നഷ്ടപ്പെടുന്നതിലേക്ക് കാര്യങ്ങൾ മാറുകയാണ്. 'ഒരു ജഡ്ജിയെപ്പോലെ നമ്മെ ശിക്ഷിക്കുന്നതിനുമുമ്പ് ഒരു സ്നേഹിതനെപ്പോലെ മനസ്സാക്ഷി നമുക്കു മുന്നറിയിപ്പു നൽകുന്നു'വെന്നുള്ള മഹദ്വചനം ഇന്നിന്റെ മനഃസാക്ഷിയിലേക്കൊരു ചൂണ്ടുപലകയാണ്. 'ഞാൻ'മാത്രമുള്ള ലോകം വളരുന്നതിനാൽ ചുറ്റുമെന്തു നടന്നാലും നമുക്കെല്ലാം നിസ്സംഗതമാത്രം; ഒന്നും നമ്മെ ബാധിക്കുന്നതല്ലെന്ന ഒരു 'സ്വാതന്ത്ര്യം' നമ്മുടെ തടവറയാണ്.

സ്വന്തരാജ്യത്ത് സ്വസ്ഥമായി ജീവിക്കാനാകാത്ത സ്ഥിതി സംജാതമാകുന്നെങ്കിൽ നമ്മുടെ സ്വാതന്ത്ര്യമെന്തെന്നു നാം ചിന്തിക്കണം. അയലത്തുള്ളവരുടെ പട്ടിണിയും ജീവിക്കാനാകാത്ത സാഹചര്യങ്ങളും നാമറിയാൻ ശ്രമിക്കാറില്ല. ഭയംകൂടാതെ പുറത്തിറങ്ങി നടക്കാനാകാത്തവിധം പീഡനങ്ങൾ വാർത്തകൾ സൃഷ്ടിക്കുന്നു. പ്രായമോ വിദ്യാഭ്യാസമോ തൊഴിലോ സാമ്പത്തികമോയെന്നു വ്യത്യാസമില്ലാതെ മനുഷ്യത്വം ചവിട്ടിയരയ്ക്കപ്പെടുമ്പോൾ നമ്മുടെ സ്വാതന്ത്ര്യത്തിന് ശോഭയും അർഥവുമുണ്ടോ? അടിസ്ഥാനജീവിതസാഹചര്യങ്ങൾ ഒരുക്കുന്നതിൽപോലും നാം പുരോഗതിയുടെ പാത തേടാത്തപ്പോൾ എവിടെ നില്ക്കുന്നു സ്വാതന്ത്ര്യവും ജനാധിപത്യവുമൊക്കെ?

മക്കൾക്കു കാലോചിതമായ പഠനരീതികളും തൊഴിലവസരങ്ങളും ഉണ്ടാകണം. യുവതയെ രാഷ്ട്രീയത്തിന്റെ അണികളാക്കാതെ രാഷ്ട്രനിർമിതിയിൽ പങ്കാളികളാക്കാനുള്ള കർമപദ്ധതികൾ ആസൂത്രണം ചെയ്യണം. നമ്മുടെ നാടിന്റെ പണം വിദേശത്തേക്ക് ഒഴുകുന്നതിൽ നമുക്കു വീണ്ടുവിചാരമുണ്ടാകണം. നാടിന്റെ നാളെകളിൽ നട്ടെല്ലാകേണ്ട യുവതയെ നാടുവിടാൻ പ്രേരിപ്പിക്കുന്നതിൽനിന്നു പിന്തിരിപ്പിക്കാനുള്ള ക്രിയാത്മകമായ ആസൂത്രണങ്ങൾ ഉണ്ടാകണം. നാട്ടിൽ നാട്ടുകാരില്ലാതാകുമ്പോഴുണ്ടാകുന്ന അരക്ഷിതാവസ്ഥയ്ക്കും 'അതിഥി'കളുടെ മേൽവിലാസമില്ലാത്ത വരവിനും താമസത്തിനും തൊഴിലെടുപ്പിനും കർക്കശമായ നിയമസംവിധാനങ്ങളുണ്ടാകണം. സത്യം നമ്മെ സ്വതന്ത്രരാക്കട്ടെ. ■

# ക്രിസ്തീയതയുടെ വേരുകളിലേക്കു മടങ്ങിപ്പോകണം: മാർ ജോസഫ് കല്ലറങ്ങാട്ട്

പാലാ: ക്രിസ്തീയതയുടെ വേരുകളിലേക്കു മടങ്ങിപ്പോകാൻ അൽഫോൻസാമ്മയുടെ ജീവിതം നമ്മെ ആഹ്വാനം ചെയ്യുന്നുവെന്ന് പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട്. ഭരണങ്ങാനം വിശുദ്ധ അൽഫോൻസാ സ്പിരിചാലിറ്റി സെന്ററിൽ നടന്ന ദേശീയ സെമിനാർ 'അൽഫോൻസിയൻ ആത്മായനം' ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു ബിഷപ്. അൽഫോൻസിയൻ ആത്മീയവർഷത്തിന്റെ ഭാഗമായാണ് സെമിനാർ സംഘടിപ്പിച്ചിരിക്കുന്നത്.

അൽഫോൻസാമ്മയെക്കുറിച്ച് എപ്പോൾ സംസാരിച്ചാലും വേദപുസ്തകത്തിലേക്ക് എത്താതിരിക്കാനാവില്ല. വേദപുസ്തകം തുറന്നുവായിക്കാനാണ് അൽഫോൻസാമ്മ പഠിപ്പിക്കുന്നത്. അൽഫോൻസിയൻ ആധ്യാത്മികത നിരന്തരമായ പ്രാർഥനയുടേതാണ്. അതുവഴി ഒരു എക്യുമെനിക്കൽ ആധ്യാത്മികതയും എക്യുമെനിക്കൽ സെന്ററും ഭരണങ്ങാനത്തു വളർന്നുവരുന്നുണ്ട്. അൽഫോൻസാമ്മയുടെ സൂക്തങ്ങളിൽ ദൈവശാസ്ത്രവും ലിറ്റർജിയെക്കുറിച്ചുള്ള കാര്യങ്ങളും വരാനിരിക്കുന്ന ലോകത്തെക്കുറിച്ചും സഭയെക്കുറിച്ചുമൊക്കെയുള്ള കാര്യങ്ങളുമുണ്ട്. വിശുദ്ധ അൽഫോൻസാമ്മ ഏകരക്ഷകനായ ഈശോയെയാണ് ചൂണ്ടിക്കാണിക്കുന്നത്. കാത്തിരിപ്പിന്റെ ആധ്യാത്മികതയും വിശുദ്ധ അൽഫോൻസാമ്മ പഠിപ്പിക്കുന്നു. ഞാൻ ലോകാവസാനംവരെ സഹിച്ചോളാമെന്ന് അൽഫോൻസാമ്മ പറഞ്ഞിട്ടുണ്ട്. കാത്തിരിക്കാൻ നമുക്കു മനസ്സുണ്ടാകണം. ഓരോ ക്രൈസ്തവനും മറ്റൊരു ക്രിസ്തുവാണെന്നതും അൽഫോൻസാമ്മയുടെ ജീവിതം കാണിച്ചുതരുന്നു. കുർബാനയിലും യാമപ്രാർഥനയിലും കുമ്പസാരത്തിലും കേന്ദ്രീകൃതമായ ഒരു നവീകരണമാണ് ഭരണങ്ങാനം വിശുദ്ധ അൽഫോൻസാമ്മയുടെ തീർഥാടനകേന്ദ്രത്തിൽ വരുന്നവർക്കു ലഭിക്കുന്നതെന്നും ബിഷപ് പറഞ്ഞു.

ഉദ്ഘാടനസമ്മേളനത്തിൽ പാലാ രൂപത പ്രോട്ടോസിഞ്ചെല്ലൂസ് മോൺ. ജോസഫ് തടത്തിൽ, തീർഥാടനകേന്ദ്രം റെക്ടർ ഫാ. അഗസ്റ്റിൻ പാലയ്ക്കാപ്പറമ്പിൽ, ഫൊറോനാവികാരി ഫാ. സഖറിയാസ് ആട്ടപ്പാട്ട്, ഡി.എസ്.റ്റി. സുപ്പീരിയർ ജനറൽ സി. സലോമി മൂക്കൻതോട്ടത്തിൽ, എഫ്.സി.സി. പ്രൊവിൻഷ്യൽ സി. ജസി മരിയ ഓലിക്കൽ എന്നിവർ സംസാരിച്ചു.

അൽഫോൻസാമ്മയുടെ സാർവത്രികസാഹോദര്യദർശനത്തെ സംബന്ധിച്ച് ഫാ. ബോബി ജോസ് കട്ടിക്കാട് പ്രബന്ധം അവതരിപ്പിച്ചു. പരിസ്ഥിതി മാനസാന്തരം ഒരു ഫ്രാൻസിസ്കൻ ദർശനം എന്ന വിഷയം പ്രഫ. ഡോ. സണ്ണി കുര്യാക്കോസ് അവതരിപ്പിച്ചു. അൽഫോൻസിയൻ സ്ലീവാദർശനം സംബന്ധിച്ച് എഫ്.സി.സി. മുൻ മദർ ജനറൽ സി. സീലിയ സംസാരിച്ചു. സമാപനസമ്മേളനത്തിൽ പാലാ രൂപത സിഞ്ചെല്ലൂസ് മോൺ. സെബാസ്റ്റ്യൻ വേത്താനത്ത് അധ്യക്ഷത വഹിച്ചു.




*ഭരണങ്ങാനം അൽഫോൻസാതീർഥാടനകേന്ദ്രത്തിൽ അൽഫോൻസിയൻ ആത്മീയവർഷത്തിന്റെ ഭാഗമായ അൽഫോൻസിയൻ ആത്മായനം ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് ഉദ്ഘാടനം ചെയ്യുന്നു.*

ദീപനാളം
കലാ സാംസ്കാരിക ദേശീയ വാരിക

ചീഫ് എഡിറ്റർ &
മാനേജിങ് ഡയറക്ടർ : ഫാ. കുര്യൻ തടത്തിൽ
അസി. മാനേജർ : ഫാ. മാത്യു തെന്നാട്ടിൽ



കർത്താവിന് നന്ദി പറയുവിൻ; അവിടുന്ന് നല്ലവനാണ്; അവിടുത്തെ കാരുണ്യം അനന്തമാണ്.
സങ്കീർത്തനങ്ങൾ 136:1

**എഡിറ്റോറിയൽ**

# കണ്ണീരൊപ്പാം കരങ്ങൾ കോർക്കാം

**കേ**രളം കണ്ട ഏറ്റവും വലിയ പ്രകൃതിദുരന്തത്തിനു മുമ്പിൽ ഞെട്ടിത്തകർന്നിരിക്കുകയാണ് രാജ്യവും ലോകമെമ്പാടുമുള്ള മലയാളികളും. വയനാട് മുണ്ടക്കൈയിലും ചൂരൽമലയിലുമുണ്ടായ ഉരുൾപൊട്ടലിനെ പിറ്റേദിവസം (ജൂലൈ 31) എല്ലാ പ്രമുഖ പത്രങ്ങളും വിശേഷിപ്പിച്ചത് ഒരേ ശീർഷകത്തിലായിരുന്നു – ഉള്ളുപൊട്ടി... അതേ, ഒരൊറ്റ രാത്രികൊണ്ട് ഒരു നാടാകെ നാമാവശേഷമായത് ആരുടെയും ഉള്ളുലയ്ക്കുന്നതാണ്. പിഴുതെറിയപ്പെട്ട ഒട്ടനവധി കുടുംബങ്ങളുടെ കരൾപിളർക്കുന്ന ദുരനുഭവങ്ങൾക്കും ഓർമകൾക്കുംമുന്നിൽ കണ്ണീരണിഞ്ഞ് കൈകൂപ്പിനിൽക്കുകയാണ് കൊച്ചുകേരളം.

2018 ലെ പ്രളയത്തിനു ശേഷം കേരളം നേരിടുന്ന ഏറ്റവും വലിയ ആഘാതമാണിത്. 2019 ഓഗസ്റ്റ് എട്ടിന് വയനാട്ടിലെ പുത്തുമലയിലും അന്നുതന്നെ മലപ്പുറത്തെ കവളപ്പാറയിലും, 2020 ഓഗസ്റ്റ് ആറിന് ഇടുക്കി പെട്ടിമുടിയിലും ഉണ്ടായ ഉരുൾപൊട്ടലുകൾ നമുക്കു നടുക്കുന്ന ഓർമകളാണ്.

ദുരന്തമുഖത്തു പകച്ചുനിൽക്കാതെ അതിജീവനത്തിനായി കൈകോർക്കേണ്ട സമയമാണിത്. സൈന്യവും ദേശീയ ദുരന്തനിവാരണവിഭാഗവും അഗ്നിരക്ഷാസേനയും പൊലീസും വനംവകുപ്പുദ്യോഗസ്ഥരുമൊക്കെ ദുരന്തഭൂമിയിൽ നടത്തിയത് കൈമെയ് മറന്നുള്ള രക്ഷാപ്രവർത്തനമാണെന്ന് ഇവിടെ സ്മരിക്കാതിരിക്കാനാവില്ല. കുതിച്ചെത്തിയ മലവെള്ളപ്പാച്ചിൽ വകവയ്ക്കാതെ ആദ്യമണിക്കൂറുകളിൽ രക്ഷാപ്രവർത്തനത്തിനിറങ്ങിയ നല്ലവരായ നാട്ടുകാരുടെ മനോധൈര്യത്തെയും എത്ര പ്രശംസിച്ചാലും മതിയാവില്ല. ഇപ്പോൾ മാത്രമല്ല, ഇനിയങ്ങോട്ട് കരുതലിന്റെ വികാരവായ്പോടെ കേരളം ഒന്നിച്ചൊഴുകാൻ കാലം നിർബന്ധിക്കുന്നു. ജീവിതം പാതിവഴിയിൽ നിലച്ചുപോയവരെ തിരികെക്കൊണ്ടുവരാൻ ജാതിമതഭേദമെന്യേ, കക്ഷിരാഷ്ട്രീയമാത്സര്യമില്ലാതെ സാഹോദര്യച്ചരടിൽ സകലമനുഷ്യരും ഒന്നിച്ചുകെട്ടപ്പെടേണ്ട മാനവികതയുടെ കാലമാണിത്.

വയനാട് ദുരന്തത്തലകപ്പെട്ടവർക്ക് സുരക്ഷിതമായ മറ്റൊരു പ്രദേശം കണ്ടെത്തി ടൗൺഷിപ്പ് നിർമിച്ച് പുനരധിവസിപ്പിക്കുമെന്നും സമയബന്ധിതമായി പദ്ധതി പൂർത്തിയാക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞതിൽ വിശ്വാസമർപ്പിക്കുകയാണു കേരളം. അടിയന്തരസ്വഭാവത്തോടെയുള്ള പുനരധിവാസപാക്കേജ് സർക്കാരിന്റെമുമ്പിൽ വലിയ വെല്ലുവിളിയാണെങ്കിലും, രാജ്യത്തിനകത്തും പുറത്തുംനിന്നായി അനേകം സഹായഹസ്തങ്ങൾ കൈകോർക്കുന്നത് ആശ്വാസദായകമാണ്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് ലക്ഷങ്ങളും കോടികളുമാണ് ഒഴുകിയെത്തുന്നത്. വീടുകൾ നഷ്ടപ്പെട്ടവർക്ക് നൂറു വീടുകൾ നിർമിച്ചുനല്കുമെന്ന് കെ.സി.ബി.സി. പറഞ്ഞുകഴിഞ്ഞു. സമാനമായ സഹായപദ്ധതികളുമായി സന്നദ്ധസംഘടനകളും പ്രസ്ഥാനങ്ങളും വ്യക്തികളും രംഗത്തെത്തിയത് പ്രതീക്ഷയുണർത്തുന്ന കാര്യമാണ്.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസഫണ്ടിലേക്ക് ഉദാരമായി സംഭാവന നൽകണമെന്ന് പ്രതിപക്ഷവും ജനങ്ങളെ ബോധവത്കരിച്ചുകഴിഞ്ഞു. പക്ഷേ, ഒന്നുകൂടി അവർ തറപ്പിച്ചു പറയുന്നുണ്ട്. അതു മറ്റൊന്നുമല്ല, പണം കൈകാര്യം ചെയ്യുന്നതിൽ സുതാര്യത വേണം. അതു പറയാനുള്ള അവകാശം അവർക്കുണ്ട്, അതവരുടെ ഉത്തരവാദിത്വമാണുതാനും. ദുരിതാശ്വാസനിധിയിലേക്കു ലഭിക്കുന്ന ധനസഹായത്തിന്റെ ലിസ്റ്റ് സകലമാധ്യമങ്ങളിലും പരസ്യപ്പെടുത്തുന്നതിൽ കാണിക്കുന്ന ഉത്സാഹം ധനവിനിയോഗത്തിന്റെ കാര്യത്തിലും ഉണ്ടാവണമെന്നാണ് പൊതുവികാരം.

നാട്ടിലെ റോഡ്, പാലം പണികളുടെ അവസ്ഥയും ഇതിൽനിന്നു ഭിന്നമല്ല. ഫണ്ടുതുക രാഷ്ട്രീയക്കാർ കവലതോറും പരസ്യപ്പെടുത്തി കൊട്ടിഘോഷിച്ചാൽപ്പോരാ, ഫണ്ട് വിനിയോഗത്തെക്കുറിച്ചുള്ള വിവരങ്ങൾ ജനങ്ങളെ ബോധ്യപ്പെടുത്തണമെന്നുള്ളത് കാലങ്ങളായുള്ള ജനങ്ങളുടെ ആവശ്യമാണ്. വരവുചെലവു കണക്കുകൾ സത്യസന്ധമായി അവതരിപ്പിക്കാനുള്ള ജനാധിപത്യമര്യാദയും ആത്മാർഥതയും രാഷ്ട്രീയക്കാർ പ്രകടിപ്പിക്കാതെ വരുമ്പോഴാണ് ജനം പൊറുതിമുട്ടി കല്ലെറിയേണ്ടിവരുന്നത്. ഇതേ പ്രതികരണരീതി ദുരിതാശ്വാസനിധിയെക്കുറിച്ചും ഉന്നയിക്കുക സ്വാഭാവികം.

പ്രളയവും മഹാമാരിയുമെല്ലാം അനുഭവിക്കുന്നവർ നാളിന്നോളം സർക്കാരിന്റെ മുമ്പിൽ കണ്ണീരൊഴുക്കിയതിനും സങ്കടഹർജി ബോധിപ്പിച്ചതിനും കൈയോ കണക്കോ ഇല്ല. ഒന്നിനും ശാശ്വതമായ പരിഹാരമുണ്ടാകുന്നില്ല എന്നുള്ളതാണ് പഴയ ചില ദുരനുഭവങ്ങൾ നമ്മെ പഠിപ്പിക്കുന്നത്. കൊട്ടിഘോഷിക്കപ്പെടുന്ന പല പുനരധിവാസപദ്ധതികളും ഫയലുകളിൽ കുരുങ്ങി പൊടിപിടിച്ച കഥകളും കേരളം കേട്ടിട്ടുണ്ട്. സർക്കാർ തീരുമാനങ്ങളുടെ മെല്ലെപ്പോക്കുനയങ്ങളും കക്ഷിരാഷ്ട്രീയക്കൂറുകളും ദുരിതബാധിതരുടെ മുമ്പിലും പുനരധിവാസപദ്ധതികളിലും ആവർത്തിക്കരുത് എന്നോർമിപ്പിക്കാനാണ് ഇത്രയുമൊക്കെ എഴുതേണ്ടിവരുന്നത്.

രാജ്യത്ത് ഉരുൾപൊട്ടലുണ്ടാകുന്ന പത്തൊമ്പതു സംസ്ഥാനങ്ങളിൽ കേരളം ആറാം സ്ഥാനത്താണെന്നാണ് ഐ.എസ്.ആർ.ഒ.യുടെ പുതിയ റിപ്പോർട്ട്. അതിതീവ്രമഴ, പ്രളയം, ഭൂകമ്പം, ചെരിഞ്ഞപ്രദേശത്തെ മണ്ണെടുപ്പ്, മണ്ണിട്ടുനികത്തൽ, അശാസ്ത്രീയവികസനപ്രവർത്തനങ്ങൾ എന്നിവയാണ് ഉരുൾപൊട്ടലിനുള്ള മുഖ്യകാരണങ്ങൾ. വയനാട്ടിലെ പതിമ്മൂന്നുവില്ലേജുകൾ അടക്കം കേരളത്തിലെ 9993.7 ചതുരശ്രകിലോമീറ്റർ പ്രദേശം പരിസ്ഥിതിലോലമേഖലയായി ശിപാർശ ചെയ്ത് കേന്ദ്രസർക്കാർ ജൂലൈ 31 ന് കരടുവിജ്ഞാപനം പുറത്തിറക്കി.

കാലാവസ്ഥാമാറ്റവും മഴയുടെ സ്വഭാവത്തിന്റെ വ്യത്യാസവും പരിസ്ഥിതിലോലമേഖലയിലുള്ളവർക്ക് ഇനിയങ്ങോട്ടു ഭീഷണിതന്നെയാണ്. ഇത്തരം ദുരന്തങ്ങൾ നേരിടുന്നതിന് ഒരുങ്ങിയിരിക്കണമെന്ന ഓർമപ്പെടുത്തലാണ് നമുക്കു മുമ്പിലുള്ളത്. മഴയുടെ അളവും ക്രമവും രൂപവുമൊക്കെ മുൻകൂട്ടി മനസ്സിലാക്കാനുള്ള ശാസ്ത്രീയരീതികൾ കാര്യക്ഷമമാക്കുകയാണു വേണ്ടത്. പ്രകൃതിദുരന്തങ്ങളെക്കുറിച്ചുള്ള മുന്നറിയിപ്പുകളും അതിൻപ്രകാരമുള്ള മാറ്റിപ്പാർപ്പിക്കലും പ്രതിരോധവും അത്യന്തം കാര്യക്ഷമമാക്കാൻ സർക്കാരും ബന്ധപ്പെട്ട വകുപ്പുകളും കണ്ണിലെണ്ണയൊഴിച്ച് ഉണർന്നു പ്രവർത്തിക്കേണ്ടത് അടിയന്തരാവശ്യമായിരിക്കുന്നു. പ്രകൃതിയുടെ വികൃതികളെ തടഞ്ഞുനിർത്താൻ നമുക്കാവില്ലെങ്കിലും അവയുടെ ആഘാതം ലഘൂകരിക്കാനെങ്കിലുമുള്ള കൂട്ടായ പരിശ്രമങ്ങളിലും പഠനങ്ങളിലും പ്രതിരോധപ്രവർത്തനങ്ങളിലും സർക്കാരിനൊപ്പം നമുക്കും പങ്കുചേരാം.

# സ്വാതന്ത്ര്യം സാഹോദര്യത്തിന്റെ വീണ്ടെടുപ്പാവണം



സി. ഡോ. തെരേസ് ആലഞ്ചേരി SABS

**‘ഒ**രേയൊരിന്ത്യ ഒരൊറ്റ ജനത’ എന്ന ലക്ഷ്യത്തിനുവേണ്ടി ബ്രിട്ടീഷ്സാമ്രാജ്യത്തിനുനേരേ നെഞ്ചുവിരിച്ച് പ്രതിരോധം തീർത്ത ധീരദേശസ്നേഹികളെ നാം സ്വാതന്ത്ര്യദിനത്തിൽ അനുസ്മരിക്കുന്നു. അന്നു നാട്ടുരാജ്യങ്ങളായി ചിതറിക്കിടന്നു നമ്മുടെ നാട്. എന്നാൽ, ഇന്ന് പാർട്ടിരാജ്യങ്ങളായി തിരിഞ്ഞ് പരസ്പരം പോരാടുന്നു.

ഭാരതത്തിന്റെ മാനവവിഭവശേഷിയും ജൈവസമ്പത്തും സാംസ്കാരികൗന്നത്യവും തിരിച്ചറിയാത്ത, സ്വത്വബോധം നഷ്ടപ്പെട്ട് ഇരുട്ടിൽ തളയ്ക്കപ്പെട്ട ഒരു ബന്ദിയുടെ മുറിവനുഭവങ്ങളാണ് ഇന്നു ഭാരതാംബയ്ക്കു പങ്കുവയ്ക്കാനുള്ളത്.

ഇവിടുത്തെ കർഷകരെയും കാർഷികവിഭവങ്ങളെയും പാടേ മറന്ന്, വിദേശോത്പന്നങ്ങളെ ഇറക്കുമതി ചെയ്ത്, വിദേശക്കമ്പനികൾക്കും കുത്തകമുതലാളിമാർക്കും നാടിനെ തീറെഴുതിക്കൊടുത്തതിന്റെ തീരാനൊമ്പരമാണ് ഇന്നു ഭാരതീയന്റെ നെഞ്ചിനുള്ളിൽ മുഴങ്ങുന്നത്.

29 സംസ്ഥാനങ്ങളും ഏഴു കേന്ദ്രഭരണപ്രദേശങ്ങളുമുള്ള ഇന്ത്യൻ ഉപഭൂഖണ്ഡം മാനവവിഭവശേഷിയുടെ കാര്യത്തിൽ ലോകത്തിനുമുന്നിൽ ഒരു മഹാദ്ഭുതംതന്നെയാണ്.

എന്നാൽ, വിവിധ ഭാഷകൾ സംസാരിക്കുന്നവരും വിവിധ മതങ്ങളിൽ വിശ്വസിക്കുന്നവരും ഭാരതമെന്ന ഒരേ വികാരത്തിൽ, പരസ്പരം കൈകോർത്തുനിന്ന സ്വാതന്ത്ര്യാനന്തരനാളുകൾ ഇന്ന് അന്യമായിക്കൊണ്ടിരിക്കുകയാണ്. ഹിന്ദുവും മുസൽമാനും ക്രിസ്ത്യാനിയും പാഴ്സിയും ജൈനനും എല്ലാംചേർന്ന് ഞങ്ങൾ ഒരേയൊരു ഇന്ത്യക്കാർ എന്നു പറയാനുള്ള നെഞ്ചുറപ്പ് ഇന്നു നഷ്ടപ്പെട്ടിരിക്കുകയാണ്. കഴിഞ്ഞ കുറെ നാളുകളായി ഈയൊരു കുലീനവികാരം നമ്മെ വിട്ടുപിരിഞ്ഞിരിക്കുന്നു. ഇത്തവണത്തെ നമ്മുടെ സ്വാതന്ത്ര്യദിനാഘോഷങ്ങൾ ഈ സാഹോദര്യത്തിന്റെ വീണ്ടെടുപ്പിലേക്കു നയിക്കുന്നതാകണം. കോടീശ്വരന്മാരുടെ വിരൽത്തുമ്പിലൂടെ ഭാരതത്തിന്റെ ഭരണരഥമുരുളുമ്പോൾ കോടിക്കണക്കിനു ഭാരതീയർ ഒരു മഹാത്മാവിന്റെ പിറവിക്കുവേണ്ടി കാത്തിരിക്കുകയാണെന്ന സത്യം വിസ്മരിച്ചുകൂടാ.

മതതീവ്രവാദത്തിന്റെയും സാമ്പത്തിക അരാജകത്വത്തിന്റെയും ജാതിസ്പർധയുടെയും മതിലുകളിൽ ഇടിച്ചുതകരുന്ന പൗരചേതനയെ ആരു രക്ഷിക്കുമെന്നത് ഒരു വലിയ ചോദ്യചിഹ്നമായി അവശേഷിക്കുന്നു. അധിനിവേശമുതലാളിമാരുടെ ആർത്തിക്കുമുന്നിൽ സ്വന്തം ജീവിതം എറിഞ്ഞിട്ടുകൊടുത്ത ഒരു മഹാത്മാവിന്റെ പിന്നിൽ അണിനിരന്ന ദേശസ്നേഹികളുടെ രക്തം ഇന്നു നിലവിളിക്കുന്നുണ്ടാവും, സ്വാർഥമോഹങ്ങളുടെ കരവലയത്തിനുള്ളിൽ ഞെരിഞ്ഞമരുന്ന ഭാരതത്തിന്റെ സ്വാതന്ത്ര്യത്തെയോർത്ത്. ‘എന്റെ ശരീരത്തിൽ കാണുന്ന മർദ്ദനത്തിന്റെ ഈ പാടുകൾ ബ്രിട്ടീഷ്സാമ്രാജ്യമാകുന്ന മൃതശരീരം പൊതിഞ്ഞുകെട്ടിയെടുക്കാനുള്ള പട്ടുവസ്ത്രത്തിലെ സ്വർണ്ണക്കസവുകളാണ്’ എന്നു പറഞ്ഞ ലാലാ ലജപതറായിയുടെ വാക്കുകൾ ഇന്നും ഓരോ ഭാരതീയന്റെയും നെഞ്ചിനുള്ളിലെ താളമാണെന്ന കാര്യം നമ്മെ അഭിമാനപുളകിതരാക്കുന്നു.

വിഭാഗീയതയും അരാജകത്വവും മതതീവ്രവാദവുംകൊണ്ടു ശ്വാസംകിട്ടാതെ ഏന്തിവലിയുന്ന നിസ്സഹായതയുടെ കദനകഥകളാണെങ്ങും കേൾക്കാനിടയാകുന്നത്. ഭാഷയുടെയും ദേശത്തിന്റെയും രാഷ്ട്രീയത്തിന്റെയും മതത്തിന്റെയും അഴികൾക്കുള്ളിൽ കിടന്നു വീർപ്പുമുട്ടുന്ന ഭാരതീയർക്ക്, അധികാരിവർഗം സ്വാതന്ത്ര്യം ദുരുപയോഗിച്ചതിന്റെ നൊമ്പരമാണ് പങ്കുവയ്ക്കാനുള്ളത്. അതിനാൽ സത്യം, സ്നേഹം, സാഹോദര്യം എന്നീ ജനാധിപത്യമൂല്യങ്ങൾക്കുവേണ്ടി നാം ഒരുമിച്ചുനിന്നു പോരാടിയേ മതിയാവൂ. സത്യവും സ്നേഹവും നമ്മുടെ മനസ്സുകളെ ഭരിക്കട്ടെ. അതിലൂടെമാത്രമേ നമ്മൾ സ്വതന്ത്രരാകൂ എന്ന കാര്യം മറക്കാതിരിക്കാം.

# അച്ചോ, ഞാനാ... എം.എൽ.എ. ഉമ്മച്ചൻ...!



ഡോ. തോമസ് മൂലയിൽ

സമയം രാത്രി ഒമ്പതുമണി. സെക്യൂരിറ്റി ഗേറ്റു പൂട്ടി. അപ്പോഴാണ് അയാൾ വരുന്നത്. കാലേലും കൈയേലും നില്ക്കത്തില്ല. അടി പൂക്കുറ്റി! അച്ചന്റെ പഴയ വാല്യക്കാരൻ പാപ്പ! 'എന്റെ അച്ചൻ' എന്നൊരു വിളിയും ചങ്കിനിട്ടൊരടിയും! "താൻ...?" സെക്യൂരിറ്റി തിരക്കി.

"എനിക്ക് എന്റെ അച്ചനെ കാണണം."

"ഇനി സന്ദർശനം അനുവദിക്കില്ല." സെക്യൂരിറ്റി പറഞ്ഞു.

"ഞാൻ എന്റെ അച്ചനെ കണ്ടിട്ടേ പോകുന്നുള്ളൂ."

"പറ്റുകേലന്നു പറഞ്ഞില്ലേ?"

ഞാൻ എന്റെ അച്ചനെ കണ്ടിട്ടേ പോകുന്നുള്ളൂ എന്നു പറഞ്ഞ് സെക്യൂരിറ്റിയെ തള്ളിമാറ്റി അകത്തുകടക്കാൻ ശ്രമിച്ചതും ഉള്ളിലുള്ള ഖര-ദ്രവ സാധനങ്ങളെല്ലാം പുറത്തേക്കുവന്നതും ഒരുമിച്ചുകഴിഞ്ഞു!

അതു ചെന്നു പതിച്ചതാകട്ടെ, സെക്യൂരിറ്റിയുടെ മുഖത്ത്...! അയാൾ കരണക്കുറ്റിക്ക് ഒരു പൊട്ടീരും ഒരു തത്തീരും കൊടുത്തു...! പാപ്പ തെന്നിത്തെന്നി നടന്നകന്നു!

പിറ്റേന്നു രാവിലെ എട്ടുമണി കഴിഞ്ഞു. ബഹളം കേട്ട് അച്ചൻ കണ്ണുതുറന്നു. എങ്കിലും അറിയാതെ അടഞ്ഞുപോകുന്നു. രാത്രിയിൽ ഒട്ടും ഉറങ്ങിയിട്ടില്ല. ദേഹത്തെല്ലാം ഇടിച്ചുനുറുക്കുന്ന വേദന..! ഉറക്കഗുളികയുടെ ബലത്തിൽ ഒന്നു മയങ്ങിയപ്പോഴാണ് ഈ ബഹളം. അദ്ദേഹം കിടക്കുന്ന വാർഡിന്റെ കൗണ്ടറിൽനിന്നാണു ബഹളം. "എനിക്കു തിരുവനന്തപുരം പോകാനുള്ളതാ... അച്ചനെ കണ്ടിട്ടുവേണം പോകാൻ" "അയ്യോ! അച്ചൻ ഇന്നലെ ഒട്ടും ഉറങ്ങിയിട്ടില്ല. ഇപ്പോൾ അല്പം ഒന്നു മയങ്ങുകയാണ്. സന്ദർശകരെ അനുവദിക്കരുതെന്നാണു ഡോക്ടർ പറഞ്ഞിരിക്കുന്നത്.'' നഴ്സിന്റെ പതിഞ്ഞ ശബ്ദം!

''ഞാൻ ആരാണെന്നറിയാമോ?''

''എനിക്കറിയില്ല സാർ. എന്റെ വീട് കോഴിക്കോടാണ്. കഴിഞ്ഞയാഴ്ചയാണു വന്നു ചാർജെടുത്തത്"

"കോഴിക്കൂടും പട്ടിക്കൂടും!" അയാൾ പിറുപിറുത്തു. "അച്ചൻ കിടക്കുന്നതെവിടെയാ?"

"റൂം നമ്പർ തേർട്ടിൻ"

''അതു ശകുനം പിടിച്ച നമ്പരാണല്ലോ..." അയാൾ മുമ്പോട്ടുനടന്നു. "അച്ചോ, ഞാനാ, എംഎൽഎ ഉമ്മച്ചൻ" മുറിയുടെ ജനലിൽക്കൂടെയാണു സംസാരം. ''എങ്ങനെയുണ്ടച്ചോ? ഞാൻ തിരുവനന്തപുരം പോകയാ... മിനിസ്റ്ററുമായി ഒരപ്പോയ്ന്റ്മെന്റുണ്ട്. അച്ചനെ കണ്ട് വിവരം അന്വേഷിച്ചിട്ടു പോകാമെന്നു കരുതി വന്നതാ. കേസെല്ലാം ഞാൻ ഒതുക്കിത്തീർത്തോളാം... പോകട്ടെ?"

"ങ്ഉം." അച്ചൻ ഒന്നു മൂളി. അർഥഗർഭമായ മൂളൽ.

ശാന്തനും ജനസമ്മതനുമായ വികാരിയച്ചൻ. അദ്ദേഹം ബൈക്കോടിച്ചുപോവുകയായിരുന്നു. എതിരേ ഒരു കാർ ഇരമ്പിപ്പാഞ്ഞുവരുന്നു. പിറകേ ഒരു ജീപ്പുനിറയെ ഗുണ്ടകൾ. വടിയും വടിവാളും വെട്ടുകത്തിയുമെല്ലാമാണവരുടെ കൈയിൽ. കാറിന്റെ മുമ്പിൽ ഒരു കരിങ്കൊടി...

അച്ചൻ പെട്ടെന്നു ബൈക്കു വെട്ടിച്ചു. ചെന്നുവീണത് കാനക്കുഴിയിൽ... വണ്ടിയിലുണ്ടായിരുന്നത് എം.എൽ.എയുടെ ഗുണ്ടകൾ... അതാണയാൾ ഒതുക്കിത്തീർക്കാമെന്നു പറഞ്ഞത്. അച്ചനെ ഒതുക്കി ഗുണ്ടകളെ ഒഴിവാക്കാനുള്ള തത്രപ്പാടിലാണയാൾ. മിനിസ്റ്ററെ കാണുന്നതും അതിനുതന്നെ..! അച്ചനെ കാണുന്നത് ഒരു മുൻകൂർജാമ്യത്തിനുവേണ്ടി!

എം എൽ എ പോയി അധികം കഴിയുന്നതിനു മുമ്പ് കപ്യാർ അപ്പുണ്ണി വന്നു. അവൻ വന്നപാടേ അച്ചന്റെ മുറിയിലേക്കു നീങ്ങി. "അച്ചോ, ഞാനാ അപ്പുണ്ണി." ജനൽകർട്ടൻ പൊക്കിനോക്കിക്കൊണ്ടാണു പറയുന്നത്. "ഇന്നു കുർബാന ചൊല്ലാൻ വന്ന അച്ചൻ 'ടപ്പേ'ന്നു കുർബാന തീർത്തതുകൊണ്ട് ഞാൻ എല്ലാം എടുത്തുവച്ചേച്ച് ഇങ്ങോട്ടു വച്ചുപിടിച്ചു." ഒറ്റശ്വാസത്തിന് അവൻ ഇതെല്ലാം പറഞ്ഞിട്ടു നോക്കുമ്പോൾ അച്ചൻ കണ്ണു തുറന്നിട്ടില്ല. അവൻ വീണ്ടും വിളിച്ചു. "അച്ചോ..." അച്ചൻ കണ്ണു തുറന്നു. ''അച്ചൻ ഉറങ്ങുവാണോ? എന്നാ, ഉറങ്ങിക്കോളേ... ഞാൻ പിന്നെ വരാം." ഇത്രയും പറഞ്ഞ്, അവൻ വന്നപാടേ വിട്ടുപോയി.

അപ്പോഴിതാ കൈക്കാരന്മാർ നാലുപേരും വരുന്നു. അവർ കൗണ്ടറിൽചെന്ന്, അച്ചന്റെ സ്ഥിതി ചോദിച്ചുമനസ്സിലാക്കി. എന്നിട്ടു പരസ്പരം പറഞ്ഞു: ''അച്ചനെ ശല്യപ്പെടുത്തണ്ടാ'' കൗണ്ടറിലെ ഫോൺ നമ്പർ വാങ്ങിയിട്ട് നേഴ്സിനോടു പറഞ്ഞു: "ഞങ്ങൾ ഈ നമ്പറിൽ വിളിച്ചു വിവരം അറിഞ്ഞുകൊള്ളാം. എന്തെങ്കിലും വിശേഷം പ്രത്യേകിച്ചുണ്ടെങ്കിൽ ഞങ്ങളുടെ ഫോൺ നമ്പറിൽ വിളിച്ചാൽ മതി. ഞങ്ങൾ ഉടനെ എത്തിക്കൊള്ളാം.'' ഫോൺ നമ്പർ കൊടുത്ത് അവർ മടങ്ങി.

പതിനൊന്നുമണി കഴിഞ്ഞപ്പോൾ മാതൃവേദിക്കാരെത്തി. ഭാരവാഹികൾ മാത്രമേയുള്ളൂ. അവർ കതകിൽ മുട്ടിയെന്നുവരുത്തിയിട്ട് അകത്തുകയറി. കൈയിലുണ്ടായിരുന്ന പൊതിക്കെട്ടുകൾ നിരത്തിവച്ചു. അതിൽ അച്ചപ്പം, കുഴലപ്പം, ചീപ്പപ്പം, വട്ടയപ്പം, ചുരുട്ട്... അങ്ങനെ, ഒരുപാടു വെറൈറ്റികൾ. അവർ തമ്മിൽ പിറുപിറുക്കുന്നതും കാൽപ്പെരുമാറ്റവുമെല്ലാം കേട്ട് അച്ചൻ കണ്ണുതുറന്നു: "അച്ചാ, എങ്ങനെയുണ്ട്? കപ്യാരു പറഞ്ഞാ ഞങ്ങൾ വിവരമറിഞ്ഞത്."

"റെസ്റ്റ് എടുക്കാനാ ഡോക്ടർ പറഞ്ഞിരിക്കുന്നത്. ഹെഡിൻജ്വറിയുണ്ട്. അതുകൊണ്ട്, സംസാരിക്കണ്ടാ എന്നാ ഡോക്ടർ പറഞ്ഞിരിക്കുന്നത്"

പ്രസിഡന്റ് പറഞ്ഞു: "അച്ചാ, ഞങ്ങൾ പൊയ്ക്കോളാം. അച്ചൻ നന്നായി വിശ്രമിക്കണേ... പിന്നെ, ഞങ്ങൾ കുറെ പലഹാരങ്ങൾ കൊണ്ടുവന്നിട്ടുണ്ട്. വീട്ടിലുണ്ടാക്കിയതാ... അച്ചൻ കഴിക്കണം!"

"എനിക്കിതൊന്നും കഴിക്കത്തില്ല; വിശപ്പ് ഒട്ടുമില്ല...!"

"എന്നാലും, ഞങ്ങൾ ഇവിടെ വച്ചിട്ടു പൊയ്ക്കോളാം. അച്ചനെ കാണാൻ വരുന്നവർക്കു കൊടുക്കാമല്ലോ..."

എല്ലാം ഭദ്രമായി അലമാരയിൽ വച്ചിട്ട് സ്തുതി ചൊല്ലി അവർ മടങ്ങാൻതുടങ്ങി. അപ്പോൾ സെക്രട്ടറി പറഞ്ഞു: ''അച്ചോ, മാതൃവേദിയുടെ വാർഷികറിപ്പോർട്ട് കൊടുക്കേണ്ട അവസാനതീയതി നാളെയാണ്. ഞങ്ങൾ റിപ്പോർട്ടു കൊണ്ടുവന്നിട്ടുണ്ട്. അച്ചൻ ഒന്ന് ഒപ്പിട്ടുതരുമോ?

''എന്റെ കൈ കണ്ടില്ലേ? ഒപ്പിടാതെ അങ്ങു കൊടുത്തേച്ചാൽ മതി.'' അങ്ങനെ സമ്മതിച്ച് അവർ പിരിഞ്ഞു.

ഉച്ചകഴിഞ്ഞ് മൂന്നുമണിയായിക്കാണും. അപ്പോഴാണു മദർ പട്രീഷ്യായും അസിസ്റ്റന്റ് മദർ ലുത്തീസിയായും വരുന്നത്. അവരുടെ കൈയിലും ഒരു പൊതിക്കെട്ടുണ്ട്. ചാരിയിരുന്ന കതക് സാവകാശം തുറന്ന് അവർ അകത്തുകടന്നു. "അച്ചൻ ഉറങ്ങുകയാണെന്നാ തോന്നുന്നെ... നമുക്ക് അല്പനേരം പുറത്തിറങ്ങിയിരുന്നാലോ?'' മദർ പറഞ്ഞു. 'നമുക്ക് പതുക്കെ ഒന്നു വിളിച്ചുനോക്കാം.' അസിസ്റ്റന്റ് മദർ അഭിപ്രായപ്പെട്ടു. അവർ പതുക്കെ അച്ചനെ വിളിച്ചു. അച്ചൻ കണ്ണു തുറന്നു. "അച്ചോ, ഈശോമിശിഹായ്ക്കു സ്തുതിയായിരിക്കട്ടെ." അച്ചൻ സാവകാശം കൈകൂപ്പി. അറിയാതെ കണ്ണടഞ്ഞുപോകുന്നു. "അച്ചൻ ഉറങ്ങട്ടെ; നമുക്കു പോകാം.'' അക്കൂട്ടത്തിൽ പൊതിയഴിച്ചശേഷം അച്ചനോടു പറഞ്ഞു: "അച്ചാ, ഇതു ചക്ക വേയിച്ചതാണ്. അച്ചൻ ഇറച്ചിയും മീനും കൂട്ടുകേലാത്തതുകൊണ്ട് അരിഞ്ഞുപുഴുങ്ങി. ചമ്മന്തിയുമുണ്ട്." മദറിന്റെ നിർദേശത്തിന് അച്ചന്റെ മറുപടി. "എനിക്കു വിശപ്പൊട്ടുമില്ല." "എങ്കിലും ഇതിവിടെയിരുന്നോട്ടെ; അച്ചനു വിശപ്പുണ്ടാകുമ്പോൾ കഴിച്ചുനോക്കേ; മരുന്നുകൾ ഒത്തിരിയുള്ളപ്പോൾ എന്തെങ്കിലും കഴിച്ചില്ലെങ്കിൽ...?" അവർ അലമാരി തുറന്ന് അതവിടെ വച്ചിട്ട് സ്തുതിചൊല്ലി പിരിഞ്ഞു.

സന്ധ്യ മയങ്ങിയപ്പോൾ യുവജനസംഘടനയുടെ ഭാരവാഹികൾ വന്നു. അവർ നേരേ അകത്തേക്കു കേറിച്ചെന്നു. ഒരുത്തൻ അച്ചന്റെ കിടക്കയിൽ ഇരിക്കാൻ തുടങ്ങി. "എടോ ഉവ്വേ, അവിടെയാണോ ഇരിക്കുന്നത്?" അവൻ ചാടിയെണീറ്റു. "അച്ചോ, സംഭവം എങ്ങനെയാ?" പാറപ്പുറത്ത് ചിരട്ട ഉരയ്ക്കുന്ന ശബ്ദത്തിൽ ഒരുത്തന്റെ സ്വരം.

"എടാ, നിന്റെ തൊള്ള തുറക്കാതെ... പതുക്കെ പറ." പ്രസിഡന്റ് അവനെ തിരുത്തി. അപ്പോൾ, ഖജാൻജി ഓടിച്ചെന്ന് അലമാര തുറന്നു. അതു ശ്രദ്ധിച്ച അച്ചൻ എന്തോ ആംഗ്യം കാണിച്ചു. കാര്യം മനസ്സിലാക്കിയ അവൻ പതിവുപോലെ ഡൈനമിക്കായി. "എടാ, ആക്രാന്തം കാണിക്കാതെ.'' സെക്രട്ടറിയുടെ കമന്റ്. ഒരുവിധത്തിൽ എല്ലാറ്റിനെയും പുറത്തിറക്കി പ്രസിഡന്റും സെക്രട്ടറിയും അച്ചന്റെ അടുത്തുചെന്ന് പതിഞ്ഞ സ്വരത്തിൽ സംസാരിച്ച് പുറത്തേക്കിറങ്ങി സ്ഥലംവിട്ടു. അച്ചൻ വീണ്ടും മയക്കത്തിലാണ്ടു...!

# അരങ്ങൊഴിഞ്ഞ നാട്യവിസ്മയം

## യാമിനി കൃഷ്ണമൂർത്തിക്കു വിട

ന്യൂഡൽഹി: പ്രശസ്ത ഭരതനാട്യം, കുച്ചിപ്പുഡി നർത്തകി യാമിനി കൃഷ്ണമൂർത്തി (84) അന്തരിച്ചു. ഓഗസ്റ്റ് 3 ശനിയാഴ്ച വൈകിട്ടായിരുന്നു അന്ത്യം.

ന്യൂഡൽഹി ഹോസ്ഖാസിൽ യാമിനി സ്കൂൾ ഓഫ് ഡാൻസ് എന്ന നൃത്തവിദ്യാലയം നടത്തിവരികയായിരുന്നു അവർ. ഏഴു മാസമായി യാമിനി അപ്പോളോ ഹോസ്പിറ്റലിൽ ചികിത്സയിലായിരുന്നു.



ആന്ധ്രപ്രദേശിലെ ചിറ്റൂർ ജില്ലയിൽ മദനപ്പള്ളിയിൽ കൃഷ്ണമൂർത്തി-ലക്ഷ്മിദമ്പതിമാരുടെ മകളായി 1940 ഡിസംബർ 20 ന് ജനനം. അവിവാഹിതയാണ്. 2016 ൽ രാജ്യം പദ്മവിഭൂഷൺ നല്കി ആദരിച്ചു.

രമാ വൈദ്യനാഥനുൾപ്പെടെ ഒട്ടേറെ പ്രശസ്തരായ ശിഷ്യസമ്പത്തിന് ഇവർ ഉടമയാണ്. 28-ാം വയസ്സിൽ പദ്മശ്രീ നേടിയ യാമിനി ചെറുപ്രായത്തിൽ ഈ ബഹുമതി നേടുന്ന ആദ്യകലാകാരിയായി. കേന്ദ്രസംഗീതനാടക അക്കാദമി പുരസ്കാരമുൾപ്പെടെ ഒട്ടേറെ പുരസ്കാരങ്ങൾ അവരെ തേടിയെത്തി. കേരളത്തിൽ സൂര്യ നൃത്തസംഗീതവേദിയിലടക്കം പല തവണ നൃത്തമവതരിപ്പിച്ചിട്ടുണ്ട്.




*ലഹരിഭീകരതയ്ക്കെതിരേ ബോധവത്കരണവും ജാഗ്രതാനിർദേശവുമായി പാലാ ബിഷപ്സ് ഹൗസിൽ വിളിച്ചുചേർത്ത സ്കൂൾ പി.ടി.എ. പ്രസിഡന്റുമാരുടെ സമ്മേളനത്തിൽ ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് പ്രസംഗിക്കുന്നു. കെ.സി.എസ്.എൽ. രൂപത അസി. ഡയറക്ടർ ഫാ. തോമസ് പുതുപ്പറമ്പിൽ, കെ.സി.ബി.സി. മദ്യവിരുദ്ധസമിതി സംസ്ഥാന സെക്രട്ടറി പ്രസാദ് കുരുവിള, രൂപത സിഞ്ചെല്ലൂസ് മോൺ. സെബാസ്റ്റ്യൻ വേത്താനത്ത്, രൂപത എജ്യുക്കേഷണൽ ഏജൻസി സെക്രട്ടറി ഫാ. ജോർജ് പുല്ലുകാലായിൽ, രൂപത മദ്യവിരുദ്ധസമിതി ഡയറക്ടർ ഫാ. ജേക്കബ് വെള്ളമരുതുങ്കൽ, ആന്റണി മാത്യു, ജോസ് കവിയിൽ എന്നിവർ സമീപം.*

നോവൽ 8

ഇഗ്നേഷ്യസ് കലയന്താനി




# കിഴക്കൻകാറ്റ്

*കഥാസാരം*

*ഒരു കുടുംബത്തിലെ അംഗങ്ങളെപ്പോലെ സ്നേഹിച്ചും സഹകരിച്ചും കഴിഞ്ഞ അയൽക്കാരായിരുന്നു സൂസമ്മയും സിസിലിയും. ഇരുപതുവർഷംമുമ്പ് സിസിലിയുടെ കുടുംബം വീടുവിറ്റ് ഹൈറേഞ്ചിലേക്കു പോയി. പിന്നീട് അവർ തമ്മിൽ ബന്ധമൊന്നുമുണ്ടായില്ല. സൂസമ്മയുടെ മകൻ ജയേഷിന്റെ കല്യാണത്തിനു ക്ഷണിക്കാൻ സൂസമ്മയും ജയേഷും കാറിൽ സിസിലി താമസിക്കുന്ന കുറുക്കൻകുന്ന് എന്ന ഗ്രാമത്തിലെത്തി. സിസിലിയുടെ ഭർത്താവ് തോമസിനെ എട്ടുവർഷംമുമ്പ് ആന ചവിട്ടിക്കൊന്നു എന്ന സത്യം അപ്പോൾ മാത്രമാണ് സൂസമ്മ അറിഞ്ഞത്. ഭർത്താവിന്റെ മരണശേഷം സിസിലിയുടെ ജീവിതം ദുരിതപൂർണമായിരുന്നു. സിസിലിയുടെ മകൾ എൽസയുടെ സംസാരവും പെരുമാറ്റവും ജയേഷിനു നന്നേ ഇഷ്ടമായി. ഒരു വണ്ടിയപകടത്തിൽ പരിക്കേറ്റ് കാലിനു സ്വാധീനക്കുറവ് വന്നതിനാൽ മുടന്തിയാണ് എൽസ നടന്നിരുന്നത്. ജയേഷിന്റെ കല്യാണം നടന്നു. ഭാര്യ വർഷ മോഡേൺ ചിന്താഗതിക്കാരിയാണ്. അവൾ മദ്യപിക്കും എന്നു മനസ്സിലാക്കിയ ജയേഷ് അസ്വസ്ഥനായി. അതിന്റെ പേരിൽ വാക്കുതർക്കം ഉണ്ടായി. പിണങ്ങിയും ഇണങ്ങിയും ആ ദാമ്പത്യം മുമ്പോട്ടു പോയി. കുറുക്കൻകുന്ന് ഇടവകവികാരി ഫാ. മാത്യു കുരിശിങ്കലിന് എൽസയെ വലിയ ഇഷ്ടമാണ്. അച്ചന്റെ ഒരകന്ന ബന്ധുവായ യുവാവുമായി എൽസയ്ക്ക് അച്ചൻ കല്യാണം ആലോചിച്ചു.*

*(തുടർന്നു വായിക്കുക)*

**ഒ**രു ശനിയാഴ്ച.

അന്നാണ് എൽസയെ പെണ്ണുകാണാൻ വികാരിയച്ചൻ പറഞ്ഞ ചെക്കൻ വരുന്നത്. രാവിലെ കുളിച്ച് വേഷം മാറി പൗഡറിട്ട് സെന്റും പൂശി എൽസ കാത്തുനിൽക്കുകയാണ്. സിസിലിയും സാരിയുടുത്ത് പൗഡറിട്ട് ഇടയ്ക്കിടെ വഴിയിലേക്കു കണ്ണുംനട്ട് നിൽക്കുകയായിരുന്നു. പതിനൊന്നുമണിയായപ്പോൾ മുറ്റത്ത് ഒരു കാർ വന്നു നിന്നു. കാറിൽനിന്ന് ഒരു യുവാവും ഒരു മധ്യവയസ്കനും മധ്യവസയ്കയും ഇറങ്ങി. എൽസ ജനാലയിലൂടെ യുവാവിനെ കണ്ടു. ഒറ്റനോട്ടത്തിലേ അവൾക്ക് ഇഷ്ടമായി. പ്രതീക്ഷിച്ചതിനേക്കാളേറെ സുന്ദരനാണ്.

സിസിലി വരാന്തയിലേക്ക് ഇറങ്ങിച്ചെന്ന് അവരെ സ്വീകരിച്ച് മുറിയിലേക്കു കയറ്റിയിരുത്തി. ഫാൻ ഓൺ ചെയ്തിട്ട് അവർ ചുവരിനോടു ചേർന്ന് ഒതുങ്ങിനിന്നു.

''അച്ചൻ പറഞ്ഞുകാണുമല്ലോ ഞങ്ങളിന്നു വരുന്ന കാര്യം.'' മധ്യവയസ്കൻ സിസിലിയെ നോക്കി ചോദിച്ചു.

"പറഞ്ഞു." സിസിലി തലയാട്ടി.

"ഇതാ ആള്." യുവാവിനെ ചൂണ്ടിക്കാണിച്ചിട്ടു തുടർന്നു: "ഞാൻ ഇവന്റെ പപ്പയാ. ഇത് അമ്മ."

സിസിലി എല്ലാവരെയും മാറിമാറി നോക്കി. പയ്യനെ അവർക്കു നന്നേ ഇഷ്ടമായി.

കുശലാന്വേഷണങ്ങൾക്കുശേഷം ചെക്കന്റെ പപ്പ പറഞ്ഞു:

"ഞങ്ങൾക്കു പോകാനിത്തിരി തിടുക്കമുണ്ട്. കൊച്ചിനെ ഒന്നു വിളിക്കാമോ?"

"ഓ..." സിസിലി അകത്തേക്കു കയറിപ്പോയി. വൈകാതെ ഒരു ട്രേയിൽ കോഫിയുമായി എൽസ മുടന്തിമുടന്തി സ്വീകരണമുറിയിലേക്കു വന്നു. ചുരിദാറായിരുന്നു വേഷം. എല്ലാവർക്കും കോഫി കൊടുത്തിട്ട് അവൾ ട്രേ ടീപ്പോയിൽ വച്ചിട്ട് പിന്നോട്ടു മാറി ചുവരിനോടു ചേർന്ന് ഒതുങ്ങിനിന്നു. എല്ലാ കണ്ണുകളും അവളെ ഉഴിയുകയായിരുന്നു. പപ്പയുടെയും അമ്മയുടെയും ചോദ്യങ്ങൾക്കെല്ലാം അവൾ വ്യക്തമായും കൃത്യമായും മറുപടി പറഞ്ഞു. പൊയ്ക്കൊള്ളാൻ അനുമതി കിട്ടിയപ്പോഴാണ് ശ്വാസം നേരേ വീണത്.

ചെക്കന്റെ പപ്പ എണീറ്റിട്ട് സിസിലിയെ നോക്കി പറഞ്ഞു: ''ആലോചിച്ചിട്ട് തീരുമാനം ഞങ്ങൾ അച്ചനോടു പറഞ്ഞേക്കാം. അച്ചനറിയിക്കും.''

"ഓ..." സിസിലി തലയാട്ടി.

"എന്നാ ഞങ്ങളിറങ്ങട്ടെ."

യാത്ര പറഞ്ഞ് മൂന്നുപേരും ഇറങ്ങി കാറിൽ കയറി. കാർ



കണ്ണിൽനിന്നു മറയുന്നതുവരെ സിസിലിയും എൽസയും നോക്കിനിന്നു.

"അവരുടെ മുഖഭാവം കണ്ടിട്ട് ഇഷ്ടപ്പെട്ടൂന്നു തോന്നുന്നു." സിസിലി പറഞ്ഞു.

''ഇഷ്ടപ്പെട്ടില്ലെങ്കിലും എനിക്കു വിഷമമൊന്നും ഇല്ല മ്മേ. ഞാൻ അമ്മേടെകൂടെ ഇവിടെ നിന്നോളാം.''

''ഇതു നടക്കും മോളേ. എന്റെ മനസ്സു പറയുന്നു. നിനക്ക് ഇഷ്ടക്കുറവൊന്നുമില്ലല്ലോ അല്ലേ?"

"എനിക്ക് ഒരുപാട് സൗന്ദര്യമുള്ള ആളൊന്നും വേണമെന്നില്ലമ്മേ. സ്നേഹിക്കാൻ കഴിയുന്ന ഒരു ഹൃദയമുണ്ടായിരുന്നാൽ മാത്രം മതി. ചേച്ചിക്കു പറ്റിയപോലെ സംഭവിക്കരുതെന്നേ പ്രാർഥനയുള്ളൂ."

''ഇതു നടക്കും. എന്റെ പ്രാർഥന ദൈവം കേൾക്കും.'' സിസിലി അമിതപ്രതീക്ഷയിലായിരുന്നു. വികാരിയച്ചൻ കൊണ്ടുവന്ന ആലോചനയല്ലേ. അച്ചൻ അവരെ കാര്യങ്ങൾ പറഞ്ഞു ബോധ്യപ്പെടുത്തി സമ്മതിപ്പിക്കും എന്നവൾ വിശ്വസിച്ചു.

രണ്ടുദിവസം കഴിഞ്ഞിട്ടും അച്ചന്റെ വിളിയൊന്നും വന്നില്ല. മൂന്നാം ദിവസം രാവിലെ സിസിലി എൽസയോടു പറയാതെ കുർബാന കഴിഞ്ഞ് പള്ളിമുറിയിലേക്കു കയറിച്ചെന്നു. സിസിലിയെ കണ്ടതും അച്ചന്റെ മുഖം വല്ലാതായി. സിസിലി അതു തിരിച്ചറിഞ്ഞില്ല. മുറിയിൽ മറ്റാരും ഉണ്ടായിരുന്നില്ല അപ്പോൾ.

"ഇരിക്ക്."

അച്ചൻ കസേരയിലേക്കു കൈചൂണ്ടി. സിസിലി അഭിമുഖമായി കസേരയിൽ ഇരുന്നു.

"ആ കല്യാണപ്പാർട്ടിക്കാർ മറുപടി വല്ലോം പറഞ്ഞായിരുന്നോ അച്ചോ?"

എന്തു പറയണമെന്നറിയാതെ തെല്ലുനേരം അച്ചൻ മൗനമായി ഇരുന്നു. പിന്നെ കസേരയിലേക്കു ചാരി ഇരുന്നിട്ട് അച്ചൻ പറഞ്ഞു:

"അത്... അവർക്കത്ര തൃപ്തികരമായി തോന്നിയില്ല. ചെക്കന് ഇഷ്ടക്കുറവൊന്നുമില്ല. അമ്മയ്ക്കാ പ്രശ്നം. അവരു പ്രതീക്ഷിച്ചതിനേക്കാൾ കൂടുതൽ ചട്ട് പെണ്ണിനുണ്ടെന്നാണ് അമ്മ പറയുന്നത്. ചട്ട് ഒരു പ്രശ്നമല്ലെന്നും പിന്നെ ഓപ്പറേഷൻ നടത്തി അതു മാറ്റിയെടുക്കാമെന്നും ഇത്രയും നല്ല സ്വഭാവമുള്ള ഒരു പെണ്ണിനെ വേറേ കിട്ടുകേലെന്നു മൊക്കെ ഞാൻ പറഞ്ഞുനോക്കി. പക്ഷേ, അങ്ങോട്ട് അടുക്കുന്നില്ല. ഈ ചട്ടുകാലിയേ കിട്ടിയൊള്ളോന്നു നാട്ടുകാരും ബന്ധുക്കളുമൊക്കെ ചോദിക്കുമെന്നാണ് അമ്മയുടെ ഉത്കണ്ഠ. എനിക്കൊരുപാടങ്ങു നിർബന്ധിക്കാനും പറ്റില്ലല്ലോ. കല്യാണക്കാര്യമല്ലേ. പിന്നീടൊരു പ്രശ്നമുണ്ടായാൽ എല്ലാരുംകൂടി എന്റെ നേരേ വരുമല്ലോ. ഒരു കണക്കിന് ഇതു പോയത് നന്നായീന്നു കരുതിയാ മതി. ഇതിനേക്കാൾ നല്ലതായിരിക്കും അവൾക്കു ദൈവം കരുതിവച്ചിരിക്കുന്നത്."

അച്ചൻ തന്നെ സമാധാനിപ്പിക്കാൻ പറഞ്ഞതാണെന്ന് സിസിലിക്കു മനസ്സിലായി.

"സാരമില്ലച്ചോ. ദൈവം വിധിച്ചതേ നടക്കൂന്നു വിശ്വസിക്കുന്ന കൂട്ടത്തിലാ ഞാൻ. അവൾക്കും സങ്കടമൊന്നുമില്ല. പ്രായം ഒരുപാടൊന്നും കടന്നുപോയിട്ടില്ലല്ലോ."

"ചട്ടിന്റെ പേരിലാ വേണ്ടാന്നു വച്ചതെന്ന് എൽസയോടു പറയണ്ട. അതവൾക്കു വിഷമമാകും. സ്ത്രീധനമായിട്ട് കാശ് ഒരുപാട് ചോദിച്ചൂന്നും അതു കൊടുക്കാൻ പറ്റില്ലെന്നു ഞാൻ പറഞ്ഞപ്പം അവരു പിന്മാറീന്നും പറഞ്ഞാ മതി."

"ഉം. സിസിലി തലയാട്ടി.

"എന്നാ പൊയ്ക്കോ."

സങ്കടം നിറഞ്ഞ മനസ്സോടെയാണ് സിസിലി പള്ളിമേടയിൽനിന്നിറങ്ങിയത്. വീട്ടിൽ ചെന്ന് അവർ എൽസയോട് കാര്യം പറഞ്ഞു:

"സ്ത്രീധനത്തിന്റെ കാര്യത്തിലൊന്നും ആയിരിക്കില്ലമ്മേ അവരു പിന്മാറിയത്. ഞാൻ ചട്ടിച്ചട്ടി ചെല്ലുന്നതു കണ്ടതേ ആ അമ്മയുടെ മുഖം മാറിയിരുന്നു. ഞാനതു ശ്രദ്ധിച്ചതാ."

"എന്തേലുമാട്ടെ. അതിനെക്കുറിച്ചിനി ഓർക്കണ്ട."

''അതെപ്പഴേ ഞാൻ മനസ്സീന്നു കളഞ്ഞു."

മുടന്തിമുടന്തി അവൾ അടുക്കളയിലേക്കു പോയി. അതു കണ്ട് സിസിലി കണ്ണുതുടച്ചു.

* * *

ഒരു ശനിയാഴ്ച പത്തുമണി നേരം.

സിസിലിയും എൽസയും പിന്നാമ്പുറത്ത് പറമ്പിൽ ഒരു വാഴ നട്ടുകൊണ്ടിരിക്കുമ്പോഴാണ് മുറ്റത്ത് ഒരു കാർ വന്ന ശബ്ദം കേട്ടത്. പണി നിറുത്തിയിട്ട് എൽസ വേഗം മുൻവശത്തേക്കു വന്നു നോക്കി. ജയേഷും വർഷയും കാറിൽനിന്നിറങ്ങുകയായിരുന്നു അപ്പോൾ.

"അമ്മേ... ജയേഷും വൈഫുമാ."

എൽസ ഉറക്കെ വിളിച്ചുപറഞ്ഞു.

പണിനിറുത്തി കൈകഴുകിയിട്ട് സിസിലി മുൻവശത്തേക്കു വന്നു. വരാന്തയിൽനിന്ന് എൽസയോടു സംസാരിക്കുകയായിരുന്നു ജയേഷും വർഷയും.

''നീ അകത്തുകേറ്റി ഇരുത്താൻമേലായിരുന്നോ മോളേ...''

സിസിലി വന്ന് രണ്ടുപേരെയും വിളിച്ചു സ്വീകരണമുറിയിൽ കയറ്റി ഇരുത്തി.

"വിളിച്ചിട്ടു വരാൻ മേലായിരുന്നോ മോനെ? ങ്ഹാ സാരമില്ല. ഇന്ന് ഇവിടെ താമസിച്ച് നാളെ പോയാ മതീട്ടോ. വർഷമോള് ഈ പ്രദേശത്തേക്കു വന്നിട്ടുണ്ടോ?"

"ഇല്ല. ആന്റീ... ഞാൻ ഹൈറേഞ്ചിലേക്ക് ഇതാദ്യാ. സമ്മതിക്കണം ഈ നാട്ടിലൊക്കെ താമസിക്കുന്നോരെ. ഹൊ! എന്തൊരു മലയാ."

സിസിലി കുടിക്കാൻ നാരങ്ങാവെള്ളം എടുക്കാനായി അടുക്കളയിലേക്കു പോയി. ജയേഷും വർഷയും എൽസയോടു വർത്തമാനം പറഞ്ഞ് സ്വീകരണമുറിയിലിരുന്നു. മോഡേൺ ഡ്രസ് ധരിച്ച്, ചുണ്ടിൽ ലിപ്സ്റ്റിക്കിട്ട് സുന്ദരിയായാണ് വർഷ വന്നിരിക്കുന്നത്. എൽസ തെല്ല് അസൂയയോടെ നോക്കിയിരുന്നുപോയി.

സിസിലി നാരങ്ങാവെള്ളവുമായി എത്തി. വെള്ളം കുടിക്കുന്നതിനിടയിൽ സിസിലി പറഞ്ഞു:

"വിളിച്ചിട്ടു വന്നായിരുന്നെങ്കിൽ ഞാനൊരു സദ്യ ഒരുക്കി വച്ചേനെ. ഇതിപ്പം തരാൻ സ്പെഷ്യലായിട്ട് ഒന്നുമില്ല."

"സദ്യ കഴിച്ചു മടുത്തു ആന്റി. അതുകൊണ്ടാ മിണ്ടാതെ പോന്നത്. ഞങ്ങൾക്കു പ്രത്യേകിച്ചായിട്ട് ഒന്നും ഒണ്ടാക്കണ്ട. ആന്റിയും എൽസയും കഴിക്കുന്നതു തന്നാ മതി."

''എന്നാലും അതല്ലല്ലോ.'' സിസിലി എൽസയെ നോക്കി പറഞ്ഞു:

"മോളേ, നീ വേഗം പോയി കുറുക്കൻകവലേൽ ചെന്ന് ഇച്ചിരി മീൻ മേടിച്ചോണ്ടു വന്നേ. പച്ചമീനില്ലെങ്കിൽ ഉണക്കമീനായാലും മതി."

"വേണ്ടാന്റീ. ഞങ്ങൾക്കൊരു പാട് കറികളൊന്നും വേണ്ട."

ജയേഷ് തടഞ്ഞെങ്കിലും സിസിലി സമ്മതിച്ചില്ല. എൽസയെ അവൾ കുറുക്കൻകവലയിലേക്കു പറഞ്ഞുവിട്ടു. മുടന്തി മുടന്തി അവൾ നടന്നുപോകുന്നത് വർഷ മുഖം തിരിച്ചു നോക്കി.

പച്ചമീൻ കിട്ടിയില്ല. ഉണക്ക അയലയുമായാണ് എൽസ തിരിച്ചെത്തിയത്. മീൻ വറുത്ത്, പപ്പടം പൊള്ളിച്ച്, മുട്ട പൊരിച്ച് ചമ്മന്തി അരച്ച് നാലഞ്ചുകൂട്ടം കറികളുമായി ഉച്ചയായപ്പോഴേക്കും ഊണു റെഡി. സിസിലി രണ്ടുപേരെയും ഊണുകഴിക്കാൻ ക്ഷണിച്ചു.

ശേഷം 13-ാം പേജിൽ

നേർമൊഴി

# മതപരിവർത്തനനിരോധന നിയമത്തിന്റെ മാനങ്ങൾ



ഫാ. മാത്യു ചന്ദ്രൻകുന്നേൽ




**2024** ജൂലൈ 30 ന് ലഖ്നൗവിലെ വിധാൻഭവനിൽ സംസ്ഥാനനിയമസഭയുടെ മൺസൂൺസമ്മേളനത്തിൽ മതപരിവർത്തനനിരോധനനിയമഭേദഗതി അവതരിപ്പിച്ചു പാസാക്കി. 2021 മുതൽ യു.പിയിൽ നിയമവിരുദ്ധമതപരിവർത്തനനിയമം പ്രാബല്യത്തിലുണ്ട്. ആ നിയമം ഭേദഗതി ചെയ്തു കൂടുതൽ കർശനമായ വ്യവസ്ഥകൾ ഉൾപ്പെടുത്തുകയും ശിക്ഷ കൂടുതൽ കഠിനമാക്കുകയും ചെയ്തിരിക്കുന്നു. കഴിഞ്ഞ ലോകസഭാതിരഞ്ഞെടുപ്പിൽ യു.പി.യിലെ അപ്രതീക്ഷിതപരാജയവും പ്രധാനമന്ത്രിയിൽനിന്നും മറ്റു കേന്ദ്രനേതാക്കന്മാരിൽനിന്നും വേണ്ടത്ര പരിഗണന ലഭിക്കാത്തതുമാകാം ഇത്തരമൊരു നിയമഭേദഗതിക്കു കാരണമെന്നാണ് കരുതപ്പെടുന്നത്. മുഖ്യമന്ത്രി യോഗി ആദിത്യനാഥ് പാർട്ടിക്കുള്ളിൽത്തന്നെ ഒരു സമാന്തര അധികാരകേന്ദ്രം രൂപപ്പെടുത്തുന്നുവെന്നതിന്റെ അടിസ്ഥാനത്തിലാണ് അദ്ദേഹത്തെ തിരഞ്ഞെടുപ്പുപ്രചാരണയോഗങ്ങളിൽനിന്നുപോലും ആദ്യഘട്ടത്തിൽ മാറ്റിനിറുത്തിയത് എന്നാണ് പല മാധ്യമപ്രവർത്തകരും നിരീക്ഷിക്കുന്നത്.

മതപരിവർത്തനത്തെ സംബന്ധിച്ചു രാജ്യത്തിന്റെ നിലപാട് എന്താണ്? രാജ്യത്ത് പൊതുവായ മതപരിവർത്തനനിരോധനനിയമമില്ല. 12 സംസ്ഥാനങ്ങളിൽമാത്രമാണ് ഇപ്പോൾ അത്തരം നിയമങ്ങൾ നിലവിലുള്ളത്. ആന്ധ്രപ്രദേശ്, ഒറീസ, യു.പി, മധ്യപ്രദേശ്, ഛത്തീസ്ഗഡ്, ഗുജറാത്ത്, ഹിമാചൽപ്രദേശ്, ജാർഖണ്ഡ്, ഉത്തരാഖണ്ഡ് തുടങ്ങിയ സംസ്ഥാനങ്ങളിലാണ് ഈ നിയമമുള്ളത്. ഇവയെല്ലാം തന്നെ ബി.ജെ.പി. അധികാരത്തിലുള്ള സംസ്ഥാനങ്ങളാണെന്ന പ്രത്യേകതയുമുണ്ട്.

മതപരിവർത്തനവുമായി ബന്ധപ്പെട്ട പരാതികളുണ്ടാവുകയോ ആ വിഷയത്തിൽ ക്രമസമാധാനപ്രശ്നമുണ്ടാവുകയോ ചെയ്യുമ്പോഴാണ് ഒരു സംസ്ഥാനത്ത് ഈ വിഷയത്തിൽ നിയമനിർമാണം നടത്തേണ്ടിവരിക. രാഷ്ട്രീയനേട്ടത്തിനുവേണ്ടിയും നിയമനിർമാണം നടത്തുന്നതിനുള്ള സാധ്യത തള്ളിക്കളയാനാവുകയില്ല.

ഭരണഘടനയുടെ 250-ാം ഖണ്ഡിക മതസ്വാതന്ത്ര്യത്തെക്കുറിച്ചാണ്. ഇഷ്ടമുള്ള മതവിശ്വാസം സ്വീകരിക്കുന്നതിനും ജീവിക്കുന്നതിനും അതു പ്രചരിപ്പിക്കുന്നതിനുമുള്ള സ്വാതന്ത്ര്യം പൗരന്മാർക്കു ഭരണഘടന ഉറപ്പുവരുത്തുന്നു. അതിനർഥം, ഈ അവകാശം വ്യക്തികളോ സമൂഹങ്ങളോ ഭരണകൂടംതന്നെയോ തടസ്സപ്പെടുത്തിയാൽ അവർക്കു നിയമപരിരക്ഷയ്ക്ക് അർഹതയുണ്ട് എന്നാണ്. നിയമവിരുദ്ധമായ മതപരിവർത്തനത്തെയാണ് നിയമംമൂലം നിരോധിച്ചിരിക്കുന്നത്. അതായത്, നിയമാനുസൃതമായ മതപരിവർത്തനം ആകാമെന്നാണ്. മറ്റുള്ളവരുടെ പ്രേരണയാലോ നിർബന്ധംമൂലമോ ഭയം കാരണമോ മതപരിവർത്തനം ലക്ഷ്യംവച്ചുള്ള വിവാഹബന്ധങ്ങൾ വഴിയോ ഭീഷണിമൂലമോ ഊരുവിലക്കു ഭയന്നോ ഒക്കെ മതം മാറിയാൽ അതിനെ നിയമവിരുദ്ധമതപരിവർത്തനമായി കണക്കാക്കാം. വേണ്ടത്ര അറിവോടും സമ്മതത്തോടും പൂർണമനസ്സോടുംകൂടി ഒരാൾക്ക് പിറന്നമതം ഉപേക്ഷിക്കുന്നതിനോ മറ്റൊരു മതം തിരഞ്ഞെടുക്കുന്നതിനോ അവകാശമുണ്ടായിരിക്കുന്നതാണ്. മതപരിവർത്തനം നടത്തുന്നവർ പൂർത്തിയാക്കേണ്ട നിയമവ്യവസ്ഥകൾ അതതു സംസ്ഥാനങ്ങളിലുണ്ട്.

മതവിശ്വാസവും അതിന്റെ ജീവിതമുറകളും ഒരു പരിധിവരെ സ്വകാര്യമാകയാൽ സർക്കാരിന് അതിൽ കാര്യമൊന്നുമില്ല. നിയമപ്രശ്നമോ ക്രമസമാധാനപ്രശ്നമോ സാമൂഹികപ്രശ്നമോ ഇല്ലെങ്കിൽ വിശ്വാസവിഷയങ്ങളിൽ സർക്കാർ ഇടപെട്ടാൽ അത് ഭരണഘടനാവിരുദ്ധവും മനുഷ്യാവകാശലംഘനവുമാകാം. എന്നാൽ, പ്രശ്നങ്ങളുണ്ടാകാനുള്ള സാധ്യത മുന്നിൽക്കണ്ട് സർക്കാരുകൾക്കു നിയമനിർമ്മാണം നടത്താൻ സാധിക്കുമെന്ന കാര്യം സമ്മതിച്ചേ മതിയാവൂ. മതപരിവർത്തനനിരോധനനിയമം പ്രതികൂലമായി ബാധിക്കുന്നത് ന്യൂനപക്ഷമതങ്ങളെയാണ്. ഇത്തരം നിയമങ്ങൾ നിലവിൽ വരുമ്പോൾ അതു ദുരുപയോഗിക്കപ്പെടാനും അവ്യക്തമായ കാരണങ്ങളാൽപ്പോലും പീഡിപ്പിക്കപ്പെടാനും ശിക്ഷിക്കപ്പെടാനും സാധ്യതയുണ്ട്. അതുകൊണ്ട്, രാജ്യത്തിന്റെ മതേതരസംസ്കാരത്തെയും ഭരണഘടന അനുവദിക്കുന്ന മതസ്വാതന്ത്ര്യത്തെയും മാനിച്ചുകൊണ്ടുള്ള നയങ്ങളും നിലപാടുകളുമാണ് സർക്കാരുകളുടെ ഭാഗത്തുനിന്നുണ്ടാകേണ്ടത്.

മതസ്വാതന്ത്ര്യം അനുവദനീയമായ ഈ രാജ്യത്ത് മതസ്വാതന്ത്ര്യത്തിന് എതിരായതെന്നു തോന്നിപ്പിക്കുന്ന മതപരിവർത്തനിരോധനനിയമം നിയമപരമായി നിലനില്ക്കുന്നതാണോ എന്ന ചോദ്യം പ്രസക്തമാണ്. ഈ വിഷയത്തിൽ സുപ്രീംകോടതിയുടെ വിധി അത്തരം നിയമനിർമാണം നിലനില്ക്കുന്നതാണെന്നാണ്. 1977 ൽ മധ്യപ്രദേശ് സർക്കാരും റവ. സ്റ്റനിസ്ലാവൂസും തമ്മിൽ ഈ വിഷയത്തിൽ നടന്ന നിയമവ്യവഹാരത്തിൽ സുപ്രീംകോടതി പറഞ്ഞത് സർക്കാരിനു നിയമനിർമാണം നടത്താമെന്നാണ്. മതം മാറ്റാനുള്ള അവകാശം ഭരണഘടനയുടെ 25-ാം ഖണ്ഡിക ഉൾക്കൊള്ളുന്നില്ലെന്നും കോടതി കൂട്ടിച്ചേർത്തു.

ഇന്ത്യയിൽ മതപരിവർത്തനം വ്യാപകമായി നടക്കുന്നില്ലെന്ന കാര്യവും ഓർക്കേണ്ടതുണ്ട്. ക്രൈസ്തവർ രാജ്യത്ത് 2.4 ശതമാനംമാത്രമാണ്. രണ്ടായിരം വർഷത്തെ പ്രവർത്തനപാരമ്പര്യം കൈസ്തവർക്കുണ്ട്. ക്രൈസ്തവസഭ മിഷനറിസ്വഭാവമുള്ളതാണ്. ലോകമെങ്ങും പോയി സുവിശേഷം പ്രസംഗിച്ച് ക്രൈസ്തവസമൂഹങ്ങൾ രൂപീകരിക്കാനുള്ള ദൗത്യം സ്വീകരിച്ചവരാണ് ക്രൈസ്തവവിശ്വാസികൾ. ഈ ദൗത്യം യാഥാർഥ്യമാക്കുന്നതിന് ആളും അർഥവും ക്രൈസ്തവസമൂഹത്തിനുണ്ട്. എന്നിട്ടും അവരുടെ ജനസംഖ്യ കൂടുകയല്ല, കുറയുകയാണു ചെയ്യുന്നത് എന്നു കണക്കുകൾ ബോധ്യപ്പെടുത്തുമ്പോൾ മതപരിവർത്തനം എന്ന കുറ്റം ക്രൈസ്തവരുടെ തലയിൽ കെട്ടിവയ്ക്കുന്നത് എന്തു കാരണത്താലാണെന്നു കണ്ടെത്തേണ്ടിയിരിക്കുന്നു. ക്രൈസ്തവമതവിരുദ്ധത അതിനു പിന്നിലുണ്ടെന്ന് ആരെങ്കിലും ചിന്തിച്ചാൽ അവരെ കുറ്റപ്പെടുത്താനാവുമോ? മതപരിവർത്തനനിരോധനനിയമം നിലവിലുള്ള സംസ്ഥാനങ്ങളിലെല്ലാം 'ഘർ വാപസി' പ്രോത്സാഹിപ്പിക്കപ്പെടുന്നതായും പ്രചരണമുണ്ട്. മാതൃഭവനത്തിലേക്കുള്ള തിരിച്ചുപോക്കാണ് ഘർ വാപസി. അതായത്, ഇത് ഹിന്ദുരാജ്യമാണെന്നും ഏതെങ്കിലും സമയത്ത് മറ്റു മതങ്ങളിലേക്കു പോയിട്ടുണ്ടെങ്കിൽ അവർ തിരിച്ചുവരേണ്ടതാണെന്നുമുള്ള ധ്വനി ഘർ വാപസി എന്ന ആകർഷകമായ പ്രയോഗത്തിനു പിന്നിലുണ്ട്. മതങ്ങളുടെ പേരിൽ വിവേചനം ഉണ്ടാകാതിരിക്കുന്നത് രാജ്യത്തിന്റെ ഐക്യത്തിനും അഖണ്ഡതയ്ക്കും വികസനത്തിനും അനിവാര്യമാണ്. ■

---




11-ാം പേജ് തുടർച്ച

കൈകഴുകിയിട്ട് എൽസയും അവരോടൊപ്പം ഊണു കഴിക്കാനിരുന്നു. ജയേഷിന് കറികളെല്ലാം ഇഷ്ടമായി. ഉണക്കമീൻ വറുത്തത് നന്നേ പിടിച്ചു. വർഷ അത് തൊട്ടുനോക്കിയതേയില്ല. ഉണക്കമീനാണെന്നു കേട്ടപ്പോൾ തൊടാനേ തോന്നിയില്ല.

"ഞങ്ങള് ഹൈറേഞ്ചുകാരുടെ സ്പെഷ്യലാ ഒണക്കമീൻ. കൂട്ടിനോക്കിക്കേ."

സിസിലി കറിപ്പാത്രം അവളുടെ അടുത്തേക്കു നീക്കി വച്ചു. വർഷ ഒരല്പം എടുത്തു രുചിച്ചുനോക്കി. ഇഷ്ടപ്പെട്ടില്ല.

''വേണ്ട ആന്റീ.'' പാത്രം അവൾ നീക്കിവച്ചു.

സിസിലിക്കു സങ്കടം വന്നു. ആദ്യമായി വന്നപ്പോൾ ഉണ്ടാക്കിക്കൊടുത്ത സ്പെഷ്യലാ. ഇഷ്ടപ്പെട്ടില്ലല്ലോ. വലിയ വീട്ടിലെ പെണ്ണല്ലേ. ഗ്രാമീണഭക്ഷണമൊന്നും ഇഷ്ടമാവില്ല.

വർഷ ഇത്തിരി ചോറേ ഉണ്ടുള്ളൂ. കറികളൊന്നും അവൾക്കിഷ്ടമായില്ല. വേഗം എണീറ്റ് കൈകഴുകിയിട്ട് ടർക്കിടവ്വൽ എടുത്തു മുഖംതുടച്ചു.

"ഇന്ന് ഇവിടെയെല്ലാം കറങ്ങി സ്ഥലങ്ങളെല്ലാം കണ്ടിട്ട് നാളെ പോയാ മതീട്ടോ. എൽസ കൊണ്ടെ കാണിക്കും.'' സിസിലി ജയേഷിനെ നോക്കി പറഞ്ഞു.

"അങ്ങനെ പ്ലാൻ ചെയ്താ ആന്റീ വന്നത്."

ഊണു കഴിഞ്ഞു കുറേനേരം വർത്തമാനംപറഞ്ഞിരുന്നു. നാലുമണിയാകുമ്പോൾ പാറപ്പുറത്തേക്കു പോയി പ്രകൃതിദൃശ്യം കാണാനായിരുന്നു പ്ലാൻ. വർഷ കണ്ടിട്ടില്ലല്ലോ. അവളെ കാണിച്ചുകൊടുക്കണം. എൽസ ഉത്സാഹത്തിലായിരുന്നു.

വർഷയ്ക്കു പക്ഷേ, ബോറടിച്ചു. ഈ കുഗ്രാമത്തിൽ എങ്ങനെയാണ് ഓരോ നിമിഷവും തള്ളിനീക്കുക? ഈ ചെറിയ വീട്ടിൽ എങ്ങനെയാണ് നേരം വെളുപ്പിക്കുക?

ജയേഷിനെ വിളിച്ചു മാറ്റിനിറുത്തിയിട്ട് വർഷ പറഞ്ഞു:

"ഈ കുടിലിൽ രാത്രി കഴിയാൻ എനിക്കു വയ്യ. നമുക്കുടനെ പോകാം. ടൗണിൽ ഏതെങ്കിലും ഹോട്ടലിൽ റൂമെടുത്തു താമസിക്കാം. ആ റൂം കാണുമ്പം തന്നെ ശ്വാസം മുട്ടും. എന്തോരം ചെറിയ മുറിയാ. ഒട്ടും ഭംഗിയുമില്ല."

"നാളെയേ പോകുന്നുള്ളൂന്നു നമ്മള് പറഞ്ഞ സ്ഥിതിക്ക്?"

''ഞാൻ പറഞ്ഞില്ലല്ലോ? ജയേഷല്ലേ പറഞ്ഞത്? എനിക്കിഷ്ടമല്ലാത്തതുകൊണ്ട് പോകാന്നു പറഞ്ഞോ. എന്റെ ആരുമല്ലല്ലോ ഈ സ്ത്രീ. ഞാനെന്തിനാ സഹർ ചെയ്യുന്നേ." വർഷ ദേഷ്യത്തിലായിരുന്നു. ജയേഷ് എത്ര നിർബന്ധിച്ചിട്ടും മനസ്സു മാറ്റാൻ അവൾ തയ്യാറായില്ല. ഒടുവിൽ ഭാര്യയുടെ ഇഷ്ടത്തിനു കീഴടങ്ങി.

ജയേഷ് സിസിലിയുടെ അടുത്തേക്കു ചെന്ന് സങ്കടത്തോടെ കാര്യം പറഞ്ഞു:

''വെഷമിക്കണ്ട മോനെ. പൊയ്ക്കോ. എനിക്കു സങ്കടമില്ല. വർഷ വല്യവീട്ടിലെ കൊച്ചല്ലേ. ഇവിടുത്തെ ചുറ്റുപാടൊന്നും ഇഷ്ടാവില്ല. നിർബന്ധിച്ച് അവളെ ഇവിടെ നിറുത്തണ്ട. ഇനിയും എത്രയോ കാലം നിങ്ങൾ ഒരുമിച്ചുജീവിക്കേണ്ടതാ. പിണക്കണ്ട. പൊയ്ക്കോ." സിസിലി അങ്ങനെ പറഞ്ഞെങ്കിലും ഉള്ളിൽ ഒരുപാട് വിഷമമുണ്ടായിരുന്നു. കേട്ടപ്പോൾ എൽസയ്ക്കും സങ്കടമായി. നഗരവും നാട്ടിൽപുറവും തമ്മിലുള്ള വ്യത്യാസം എത്ര വലുതാണെന്ന് അവൾ തിരിച്ചറിഞ്ഞു. നാട്ടിൻപുറത്തിന്റെ നിഷ്കളങ്കതയൊന്നും നഗരത്തിനില്ലല്ലോ.

യാത്ര പറയുമ്പോൾ എൽസയുടെയും സിസിലിയുടെയും കണ്ണുകൾ നിറഞ്ഞു. കൈവീശി അവർ മംഗളം നേർന്നു. കാർ മെയിൻറോഡിലേക്കു കയറിയപ്പോൾ വർഷ പറഞ്ഞു:

"ഹൊ! ഇപ്പഴാ ഞാനൊന്നു നേരേ ശ്വാസം വിട്ടത്. എന്തൊരു സഫോക്കേഷനായിരുന്നു അവിടെ. ഈ രാത്രി അവിടെ തങ്ങിയിരുന്നെങ്കിൽ ഞാൻ മരിച്ചുപോയേനെ.'

ജയേഷ് ഒന്നും മിണ്ടിയില്ല.

"ആ ചട്ടുകാലിപ്പെണ്ണിന്റെ നടപ്പുകാണുമ്പഴേ ഓക്കാനം വരും. എന്തൊരു സ്വാതന്ത്ര്യത്തോടെയാ അവളു ജയേഷിനോടു സംസാരിക്കുന്നത്? നിങ്ങളു തമ്മിൽ നേരത്തേ വലിയ അടുപ്പമായിരുന്നോ?"

ആ ചോദ്യത്തിലെ ദുരർഥം ജയേഷിനു പിടികിട്ടി.


''ഏയ്, കല്യാണത്തിനു ക്ഷണിക്കാൻ വന്നപ്പഴാ ഞാനാദ്യായിട്ടു സംസാരിക്കുന്നതു തന്നെ."

"എന്നിട്ടും ഇത്രയും സ്വാതന്ത്ര്യമോ? അവിടെ കിടക്കാതെ പോന്നതു നന്നായി. ആ പെണ്ണ് ഒട്ടും ശരിയല്ല. ചുമ്മാതല്ല ചട്ടുകാലിയായി പോയത്."

ജയേഷിനു വല്ലാതെ ദേഷ്യം വന്നെങ്കിലും പാടുപെട്ട് നിയന്ത്രിച്ചു. രണ്ടുകൈയും കൂട്ടി അടിച്ചാലല്ലേ ശബ്ദമുണ്ടാകൂ. വർഷ എന്തെങ്കിലും പറയട്ടെ. മൗനമായി ഇരുന്നാൽ മതി. സന്തോഷകരമായ കുടുംബജീവിതത്തിന് മൗനം വലിയ ഔഷധമാണ്. അങ്ങനെ ചിന്തിച്ച് അവൻ മിണ്ടാതെ ഇരുന്നു. വർഷ പിന്നെയും ഓരോന്നു പുലമ്പിക്കൊണ്ടിരുന്നു.

*(തുടരും)*

# ഇരട്ടമെഡൽ; ചരിത്രനേട്ടവുമായി മനു ഭാക്കർ





സനിൽ പി. തോമസ്

“നമ്മൾ തമ്മിൽ മിക്സ്ഡ് സോണിൽ സംസാരിച്ചതല്ലേ?” കഴിഞ്ഞ ഒക്ടോബറിൽ ഹാങ്ചോ ഏഷ്യൻ ഗെയിംസിൽ ടീം ഇനത്തിൽ സ്വർണം നേടിയ മനു ഭാക്കർ വേദിക്കു പുറത്തു കണ്ടപ്പോൾ ആദ്യം ചോദിച്ചത് അങ്ങനെയാണ്. മിക്സ്ഡ് സോണിൽ റിപ്പോർട്ടർമാർക്കും ഫോട്ടോഗ്രാഫർമാർക്കും വീഡിയോ എടുക്കാൻ അനുവാദമില്ല. അതുകൊണ്ട് രണ്ടു മിനിറ്റ് വേണമെന്നു പറഞ്ഞപ്പോൾ മനു അനുസരിച്ചു. അതാണ് മനു ഭാക്കറിന്റെ ഏകാഗ്രത; സൂക്ഷ്മനിരീക്ഷണം. ഒട്ടേറെപ്പേർ മനുവിനെ മിക്സ്ഡ് സോണിൽ ഇന്റർവ്യൂ ചെയ്തിരുന്നു. എന്നിട്ടും മനു ഓർത്തെടുത്തു.

ഇനി കോച്ച് ജസ്പാൽ റാണയെക്കുറിച്ച്. വർഷം 1996. ഡൽഹിയിലെ തുഗ്ലക്കാബാദിലെ ഡോ. കാർണിസിങ് റേഞ്ചിൽ ഈ ലേഖകൻ മൻഷേർ സിങ്ങിനോടു സംസാരിക്കുമ്പോൾ ജസ്പാൽ അടുത്തുണ്ട്. പെട്ടെന്ന്, ഇന്ത്യയുടെ ദേശീയ കോച്ച് പ്രഫ. സണ്ണി തോമസ് പിന്നിലൂടെ വന്ന് ജസ്പാലിനിട്ട് ചെറിയൊരു തൊഴി കൊടുത്തു. മറ്റു താരങ്ങൾ ചിരിച്ചു. “രാവിലെ ഇവൻ എന്തെങ്കിലും കുരുത്തക്കേട് ഒപ്പിച്ചിട്ടുണ്ടാവും.” മൻഷേർ പറഞ്ഞു: പിന്നീട് സണ്ണി തോമസ് പറഞ്ഞു: “ബൈക്ക് എവിടെയോ വച്ചു മറന്നു. എവിടെയാ വച്ചതെന്ന് അവൻ ഓർക്കുന്നില്ല.” ബൈക്കിനുശേഷം കാർ വാങ്ങിയപ്പോൾ നടന്നൊരു സംഭവം കേട്ടറിഞ്ഞു. ട്രാഫിക് സിഗ്നൽ കാണാതെ മുന്നോട്ടെടുത്ത കാർ ജസ്പാൽ പിന്നോട്ടെടുത്തപ്പോൾ പിന്നിലെ കാറിൽ മുട്ടി. എന്നിട്ട് അവർ കാർ മുട്ടിച്ചെന്നു പറഞ്ഞ് ബഹളമുണ്ടാക്കിയ ജസ്പാലിനെ മറ്റുതാരങ്ങൾ പിൻതിരിപ്പിച്ചു.

ഇത്തരം രണ്ടു കഥാപാത്രങ്ങളുടെ ഏകോപനം എങ്ങനെയിരിക്കുമെന്നു സ്വാഭാവികമായും സംശയിക്കപ്പെട്ടു. പക്ഷേ, കാലം മാറി. ജസ്പാൽ റാണ പക്വതയുള്ള പരിശീലകനായി. ഏഷ്യൻ ഗെയിംസ് സ്വർണമെഡൽ ജേതാവും ഒളിമ്പ്യനുമായ ജസ്പാൽ ഇടയ്ക്ക് മനുവുമായി തെറ്റി. ടോക്കിയോ ഒളിമ്പിക്സിൽ ജസ്പാലിന്റെ സാന്നിധ്യം ഇല്ലാതെപോയി. പിസ്റ്റളിന്റെ സാങ്കേതികപ്പിഴവുമൂലം മനുവിനു പിഴച്ചു. ഏഷ്യൻ ഗെയിംസ് വേളയിൽ ജസ്പാൽ ദേശീയടീമിനൊപ്പം ഇല്ലായിരുന്നു. അന്നു മനു പറഞ്ഞു, ജസ്പാൽ കൂടെയുണ്ടെങ്കിൽ താൻ പാരീസിൽ മെഡൽ നേടുമെന്ന്. മനു വാക്കു പാലിച്ചു. രണ്ടു വെങ്കലം. മൂന്നാമതൊന്നിൽ നാലാം സ്ഥാനം. സ്വതന്ത്രേന്ത്യയുടെ ചരിത്രത്തിൽ രണ്ടുപേർക്കേ ഇതിനുമുമ്പ് രണ്ട് ഒളിമ്പിക്സ് മെഡൽ ലഭിച്ചിട്ടുള്ളൂ. ഗുസ്തിതാരം സുശീൽ കുമാറിനും ബാഡ്മിന്റൻ താരം പി.വി. സിന്ധുവിനും. പക്ഷേ, അത് രണ്ട് ഒളിമ്പിക്സിലായിരുന്നു. സുശീൽകുമാർ 2008 ൽ വെങ്കലവും 2012 ൽ വെള്ളിയും നേടി. സിന്ധു 2016 ൽ വെള്ളിയും 2020 ൽ വെങ്കലവും നേടി. ഇത്തവണ പാരീസിൽ മത്സരിക്കുന്ന ഇന്ത്യൻ സംഘത്തിലെ 117 പേരിൽ മനു മാത്രമാണ് മൂന്നിനങ്ങളിൽ മത്സരിച്ചത്. ട്രാക്ക് ആൻഡ് ഫീൽഡിൽ പാരുൾ ചൗധരി രണ്ടിനങ്ങളിൽ മത്സരിച്ചു. 3000 മീറ്റർ സ്റ്റീപ്പിൾ ചേസിലും 5000 മീറ്ററിലും. രണ്ടിലും ഫൈനലിൽ കയറി. ശേഷിച്ച 115 പേരും ഓരോ ഇനത്തിലാണു മത്സരിക്കുന്നത്. വനിതകളുടെ 4 × 400 മീറ്റർ റിലേയിൽ, 400 മീറ്റർ താരം കിരൺ പഹൽ ഇറങ്ങിയാൽമാത്രമേ ഇതിൽ മാറ്റം വരികയുള്ളൂ.

1900 ത്തിലെ ഒളിമ്പിക്സിൽ നോർമൻ പ്രചാർഡ് 200 മീറ്ററിലും 200 മീറ്റർ ഹർഡിൽസിലും വെള്ളി നേടിയിരുന്നു. പക്ഷേ, അദ്ദേഹം ബ്രിട്ടീഷ് ഇന്ത്യയെയാണു പ്രതിനിധാനം ചെയ്തത്. 2004 ലും 2008 ലും 2012 ലും ഒളിമ്പിക്സ് ഷൂട്ടിങ്ങിൽ മെഡൽ നേടിയ ഇന്ത്യയ്ക്ക് റിയോയിലും ടോക്കിയോയിലും ഷൂട്ടിങ് മെഡൽ ഇല്ലായിരുന്നു. മികച്ച തിരിച്ചുവരവാണ് ഇന്ത്യൻ ഷൂട്ടർമാർ കാഴ്ചവച്ചത്.

പത്തുമീറ്റർ എയർ പിസ്റ്റളിൽ വെങ്കലം നേടിയ മനുവാണ് പാരീസ് ഒളിമ്പിക്സിൽ ഇന്ത്യയുടെ മെഡൽ നേട്ടത്തിനു തുടക്കമിട്ടത്. തുടർന്ന്, പത്തുമീറ്റർ എയർ പിസ്റ്റൾ മിക്സ്ഡ് വിഭാഗത്തിൽ സരബ് ജോത്സിങ്ങുമൊത്ത് വെങ്കലം കരസ്ഥമാക്കി. 25 മീറ്റർ പിസ്റ്റൾ വിഭാഗത്തിൽ രണ്ടാം സ്ഥാനത്തോടെ ക്വാളിഫയിങ് റൗണ്ട് പിന്നിട്ട മനു ഭാക്കർ ഫൈനലിൽ മൂന്നു സീരീസുകളിൽ രണ്ടാം സ്ഥാനത്തായിരുന്നു. മൂന്ന്, നാല് സ്ഥാനം നിർണയിക്കുന്ന എലിമിനേഷനിൽ തുല്യത പാലിച്ചശേഷം ഷൂട്ടോഫിലാണ് ഹംഗറിയുടെ താരത്തോടു പരാജയപ്പെട്ടത്.

ഇന്ത്യയുടെ ഷൂട്ടിങ് താരങ്ങൾ 21 ക്വോട്ട പ്ലേസുകൾ നേടിയതിൽ രണ്ടെണ്ണം മനു സ്വന്തമാക്കിയതായിരുന്നു. 27 ഇനങ്ങളിൽ ഇന്ത്യ മത്സരിച്ചു. ഏഷ്യൻ ഗെയിംസിലെ സ്വർണത്തിന്റെയും ലോകറെക്കോർഡിന്റെയും മികവിൽ 50 മീറ്റർ റൈഫിൾ ക്രീപൊസിഷനിൽ മത്സരിച്ച സിഫ്റ്റ് കൗർ സമ്രയിൽ ആയിരുന്നു കൂടുതൽ പ്രതീക്ഷ. പക്ഷേ, സിഫ്റ്റിന് ഫൈനലിൽ കടക്കാൻ സാധിച്ചിട്ടില്ല. മറിച്ച്, മേല്പറഞ്ഞ ഇനത്തിന്റെ പുരുഷവിഭാഗത്തിൽ സ്വപ്നിൽ കുശാലെ വെങ്കലം നേടുകയും ചെയ്തു.

# അന്താരാഷ്ട്ര നീന്തൽമത്സരത്തിൽ മലയാളിതാരങ്ങൾക്ക് സ്വർണത്തിളക്കം

പാലാ: യു.എസിലെ ക്ലീവ്‌ലൻഡിൽ 2024 ജൂലൈ 17 മുതൽ 20 വരെ നടന്ന പാൻ അമേരിക്കൻ മാസ്റ്റേഴ്സ് നീന്തൽമത്സരത്തിൽ മലയാളിതാരങ്ങളായ പ്രഫ. കെ.സി. സെബാസ്റ്റ്യൻ, കുര്യൻ ജേക്കബ്, ടി.ജെ. തോമസ് തോപ്പിൽ, ദേവാനന്ദ് എന്നിവർ 4×50 മീറ്റർ മെഡ്‌ലേ, ഫ്രീസ്റ്റൈൽ റിലേകളിൽ സ്വർണമെഡൽ നേടി.

വ്യക്തിഗതയിനങ്ങളിൽ 80+ വയസ്സുകാരുടെ ഗ്രൂപ്പിൽ പ്രഫ. കെ.സി. സെബാസ്റ്റ്യൻ(83 വയസ്സ്) ഒരു സ്വർണം, ഒരു വെള്ളി, ഒരു വെങ്കലം എന്നിങ്ങനെ മൂന്നു മെഡലുകൾ സ്വന്തമാക്കി. 70+ ഗ്രൂപ്പിൽ കുര്യൻ ജേക്കബ് (74 വയസ്സ്) ഒരു വെള്ളി, ഒരു വെങ്കലം എന്നിങ്ങനെ രണ്ടു മെഡലുകൾ നേടി.

70+ ഗ്രൂപ്പിൽ ടി.ജെ തോമസ് തോപ്പിൽ(71 വയസ്സ്) രണ്ടു വെങ്കലവും, ദേവാനന്ദ് (62 വയസ്സ്) ഒരു വെങ്കലവും ഉൾപ്പെടെ ആകെ 16 മെഡലുകൾ ഇന്ത്യയ്ക്കുവേണ്ടി കരസ്ഥമാക്കി.



*യു.എസിലെ ക്ലീവ്‌ലൻഡിൽ നടന്ന പാൻ അമേരിക്കൻ മാസ്റ്റേഴ്സ് ഗെയിംസ് നീന്തലിൽ മെഡലുകൾ നേടിയ മലയാളിതാരങ്ങളായ ദേവാനന്ദ്, കുര്യൻ ജേക്കബ്, ടി.ജെ. തോമസ് തോപ്പിൽ, പ്രഫ. കെ.സി. സെബാസ്റ്റ്യൻ എന്നിവർ.*

മാസ്റ്റേഴ്സ് മത്സരം കേരളത്തിൽ ആരംഭിച്ച 2011 മുതൽ പ്രൊഫ. കെ.സി. സെബാസ്റ്റ്യൻ 50 മീറ്റർ ഫ്രീസ്റ്റൈലിൽ തുടർച്ചയായി സ്വർണമെഡൽ നേടിവരുന്നു. കൂടാതെ, 2022 ൽ ഓസ്ട്രേലിയയിൽ നടന്ന പാൻ പസിഫിക് മാസ്റ്റേഴ്സ് നീന്തലിലും, 2023ൽ ഫിൻലൻഡിൽ നടന്ന യൂറോപ്യൻ മാസ്റ്റേഴ്സ് നീന്തലിലും സ്വർണമെഡൽ ജേതാവാണ്. പ്രൊഫ. കെ.സി. സെബാസ്റ്റ്യൻ കദളിക്കാട്ടിൽ(മുണ്ടാങ്കൽ) പാലാ സെന്റ് തോമസ് കോളജ് റിട്ട. ബോട്ടണി പ്രഫസറാണ്.

കുര്യൻ ജേക്കബ് വെള്ളൂക്കുന്നേൽ (തിടനാട്) റിട്ട. ബാങ്ക് മാനേജരാണ്. ടി.ജെ. തോമസ് തോപ്പിൽ എം.ജി. യൂണിവേഴ്സിറ്റി കോച്ചായിരുന്നു. ഇപ്പോൾ പാലായിലുള്ള തോപ്പൻസ് അക്കാദമി പരിശീലകനാണ്. ദേവാനന്ദ് വിക്രം സാരാഭായ് സെന്ററിൽ എൻജിനീയറായിരുന്നു. ഇപ്പോൾ ഐ.എസ്.ആർ.ഒ.യിൽ ജോലി ചെയ്യുന്നു.

# ദൈവത്തിന്റെ കരസ്പർശമുള്ള കർമയോഗി

## ഒരു എം. എസ്. ടി. വൈദികന്റെ വിജയഗാഥ

രണ്ടു പതിറ്റാണ്ടോളം ജർമനിയിലെ വിവിധ ഇടവകകളിൽ വികാരിയായി ശുശ്രൂഷ ചെയ്തിട്ടുള്ള ഫാ. ജോസഫ് ഉപ്പൻമാക്കലിന്റെ ജീവിതം കർമനിരതമാണ്. ഇപ്പോഴും തന്റെ പ്രവർത്തനമേഖലകളിൽ ദൈവത്തിന്റെ കരസ്പർശം അദ്ദേഹം അനുഭവിച്ചറിയുന്നു. കടനാട് ഏയ്ഞ്ചൽ ജർമൻ ലാംഗ്വേജ് ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറാണ് അച്ചനിപ്പോൾ.

പാലാ രൂപതയിലെ പയസ് മൗണ്ട് ഇടവകയിൽ ഉപ്പൻമാക്കൽ ജോസഫ്-മറിയാമ്മ ദമ്പതികളുടെ നാലാമത്തെ മകനായി 1952 ഒക്ടോബർ 24 നാണു ജനനം. പ്രാഥമികവിദ്യാഭ്യാസത്തിനുശേഷം മേലമ്പാറ സെന്റ് തോമസ് മിഷനറി സൊസൈറ്റിയിൽ വൈദികാർഥിയായി. ദീപ്തി മൈനർ സെമിനാരി, വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരി എന്നിവിടങ്ങളിൽ വൈദികപരിശീലനത്തിനുശേഷം 1980 ഡിസംബർ 31 ന് അന്നത്തെ ഉജ്ജൈൻ രൂപതാധ്യക്ഷനായിരുന്ന മാർ ജോൺ പെരുമറ്റത്തിന്റെ കൈവയ്പുവഴി പുരോഹിതനായി. സെന്റ് തോമസ് മിഷനറി സൊസൈറ്റിയുടെ മാണ്ഡ്യമിഷനിലേക്കായിരുന്നു ആദ്യനിയമനം. മൂന്നു വർഷത്തെ മിഷനറിജീവിതത്തിനുശേഷം എം.എസ്.ടി.യുടെ വൊക്കേഷൻ പ്രൊമോട്ടറായി ചുമതലയേറ്റു.

കുട്ടികളുമായി ബന്ധപ്പെടാനുള്ള എളുപ്പമാർഗമായി മാജിക് ഉപയോഗിക്കാമെന്നു കണ്ടറിഞ്ഞ അച്ചൻ മാജിക് പഠനമാരംഭിച്ചു. നിരവധി സ്കൂളുകളിലും ഇടവകകളിലും മാജിക് അവതരിപ്പിച്ച് 'മാജിക് അച്ചൻ' എന്ന പേരിൽ അറിയപ്പെടാൻ തുടങ്ങി. സുവിശേഷസന്ദേശങ്ങൾ പ്രചരിപ്പിക്കുന്നതിനുള്ള നല്ലൊരു മാധ്യമമായും അച്ചൻ മാജിക്കിനെ ഉപയോഗപ്പെടുത്തി. കേരളത്തിൽ ആദ്യമായി 'ഗോസ്പൽ മാജിക്' അവതരിപ്പിച്ചത് ഫാ. ജോസഫ് ഉപ്പൻമാക്കലാണെന്നു പറയാം. ജർമനിയിൽ ഇടവകവികാരിയായി സേവനം ചെയ്യുന്ന കാലത്തു ചെറിയ ഗ്രൂപ്പുകൾക്കിടയിൽ അച്ചൻ മാജിക് പ്രകടനം നടത്തിയിരുന്നു.

1990 കളിൽ അച്ചൻ അവധിക്കു നാട്ടിൽ വരുമ്പോഴും മാണ്ഡ്യമിഷൻ സന്ദർശിക്കുമ്പോഴും നിരവധി കുടുംബങ്ങൾ സ്വന്തമായി വീടില്ലാതെ വിഷമിക്കുന്നതു കാണാനിടയായി. വൈകാതെ അച്ചൻ 'തലയ്ക്കുമുകളിൽ ഒരു കൂര' എന്ന പദ്ധതിക്കു രൂപംകൊടുത്തു. ഈ കാലയളവിൽ നല്ലവരായ ജർമൻകാരുടെ സഹായവും മാജിക് ഷോകളിൽനിന്നുള്ള വരുമാനവുംകൊണ്ട് കർണാടകത്തിലും കേരളത്തിലുമായി 25 ഓളം ചെറുഭവനങ്ങൾ നിർമിക്കാൻ അച്ചനു സാധിച്ചു.

### ഏയ്ഞ്ചൽ ഹോമിന്റെ ആരംഭം

അച്ചൻ ജർമനിയിലായിരിക്കുമ്പോൾത്തന്നെ പാവപ്പെട്ട കുടുംബങ്ങൾക്കുവേണ്ടി എന്തെങ്കിലും ചെയ്യണമെന്നുള്ള ചിന്ത അച്ചനെ അലട്ടിയിരുന്നു. ആഴ്ചയിൽ ഒരിക്കൽ ഭക്ഷണം കൊടുത്തതുകൊണ്ടോ ഒരു കൊച്ചുഭവനം ഒരുക്കിക്കൊടുത്തതുകൊണ്ടോ ആ കുടുംബത്തിന് ഉയർച്ച ഉണ്ടാകുന്നില്ല. എന്നാൽ, ഒരു കുടുംബത്തിലെ നന്നായി പഠിക്കുന്ന ഒരു കുട്ടിയെ പഠിപ്പിച്ച് ജോലിസാധ്യത ഉണ്ടാക്കിക്കൊടുത്താൽ അവൻവഴി ആ കുടുംബത്തെ ഉയരങ്ങളിലേക്കു കൊണ്ടുവരാൻ സാധിക്കും. ഈ ആശയം മനസ്സിൽവച്ചുകൊണ്ട് 2013 മേയ് 11 ന് കടനാട്ടിൽ ഏയ്ഞ്ചൽഹോമിനു തുടക്കം കുറിച്ചു. പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ടുപിതാവാണ് ഏയ്ഞ്ചൽ ഹോമിന്റെ ആശീർവാദ കർമം നിർവഹിച്ചത്.

ഫാ. ജോസഫ് ഉപ്പൻമാക്കലിന്റെ സഹോദരീഭർത്താവായ ദേവസ്യാ കാവുംപുറവും സഹോദരി തങ്കമ്മയും ചേർന്നു സംഭാവന ചെയ്ത സ്ഥലത്താണ് ഏയ്ഞ്ചൽ ഹോമിന്റെ ആരംഭം. പഠിക്കാൻ മിടുക്കരായ പാവപ്പെട്ട കുടുംബങ്ങളിലെ 15 കുട്ടികളെ തിരഞ്ഞെടുത്ത് ഇവിടെ പഠിപ്പിച്ചുകൊണ്ടായിരുന്നു തുടക്കം. ഇതിനകം അമ്പതിൽപ്പരം കുട്ടികൾ ഏയ്ഞ്ചൽ ഹോമിൽനിന്നു പരിശീലനം നേടി. ഇവരിൽ മൂന്നു പേർ ഇന്നു വൈദികാർഥികളാണ്. ഒരാൾ ജർമനിയിൽ നഴ്സിംഗ് പഠിക്കുന്നു. ഒരാൾ മാൾട്ടായിൽ ജോലി ചെയ്യുന്നു. ചിലർ പഠനാർഥം വിദേശത്തേക്കു പോകാൻ ഒരുങ്ങിക്കൊണ്ടിരിക്കുന്നു. മറ്റു ചിലർ കേരളത്തിൽത്തന്നെ വ്യത്യസ്തമേഖലകളിൽ ജോലി ചെയ്യുന്നു.



ഫാ. ജോസഫ് ഉപ്പൻമാക്കൽ എം എസ് ടി




കടനാട് ഏയ്ഞ്ചൽ ജർമൻ ലാംഗ്വേജ് ഇൻസ്റ്റിറ്റ്യൂട്ട്



ഫാ. ജോസഫ് ഉപ്പൻമാക്കലിന്റെ സ്റ്റാമ്പ്- നാണയശേഖരത്തിൽനിന്ന്

### ഏയ്ഞ്ചൽ ജർമൻ ലാംഗ്വേജ് ഇൻസ്റ്റിറ്റ്യൂട്ട്

കൊറോണ എന്ന മഹാമാരി ഏയ്ഞ്ചൽ ഹോമിനെയും സാരമായി ബാധിച്ചു. കൊറോണ കഴിഞ്ഞുവന്ന കുട്ടികളിൽ പ്രകടമായ ചില സ്വഭാവവിശേഷങ്ങൾ അച്ചന്റെയും സഹപ്രവർത്തകരുടെയും ശ്രദ്ധയിൽപ്പെട്ടു. പഠിക്കാനുള്ള ഇഷ്ടക്കുറവ്, അനുസരിക്കാനുള്ള മടി, മൊബൈൽ ഫോണിന്റെ ഉപയോഗം നിയന്ത്രിക്കുമ്പോൾ പ്രകടിപ്പിക്കുന്ന അസ്വസ്ഥത. ഇതുപോലെ പല പ്രശ്നങ്ങൾ...

ഇക്കാരണങ്ങളാൽ ഏയ്ഞ്ചൽ ഹോം നിറുത്തി പകരം നഴ്സിങ് പഠനത്തിനു ജർമനിക്കു പോകാൻ ആഗ്രഹിച്ച്, ജർമൻപഠനം തുടങ്ങി B2 ലെവൽ പാസാകാതെ വിഷമിക്കുന്നവരെ സഹായിക്കാനായി ഒരു ഇന്റൻസീവ് കോഴ്സ് തുടങ്ങിയാലോ എന്ന ചിന്ത അച്ചന്റെ മനസ്സിൽ ഉടലെടുത്തു. അതു യാഥാർഥ്യമായി. ഇവിടെ ഇപ്പോൾ ഓരോ രണ്ടു മാസവും 15 കുട്ടികളെ വീതം B2 പരീക്ഷയ്ക്ക് ഒരുക്കിക്കൊണ്ടിരിക്കുന്നു. അതോടൊപ്പം A1, A2, B1, ലെവൽ കോഴ്സുകളും നടത്തുന്നു. ജർമൻകാരനായ ഹോൾഗർ ശ്ലുംബ് ഇവിടെ താമസിച്ചും, എലിസബത്ത് ബ്രൗണർ ഓൺലൈനായും ക്ലാസുകൾക്കു നേതൃത്വം കൊടുക്കുന്നു. ഫാ. ജോസ് ഉപ്പൻമാക്കലിലെ സഹായിക്കാനായി എം.എസ്.ടി. വൈദികരായ ഫാ. ജോണി കാര്യത്തിൽ, ഫാ. ജോർജ് മേച്ചേരി എന്നിവരുമുണ്ട്. മറ്റധ്യാപകർ വേറെയും. ഇതിനോടകം ആറു ബാച്ചുകൾ പിന്നിട്ടു. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം ഹോസ്റ്റൽ സൗകര്യമുണ്ട്. കടനാട്-വാളികുളം റോഡിലൂടെ 500 മീറ്റർ പിന്നിട്ടാൽ ഏയ്ഞ്ചൽ ജർമൻ ലാംഗ്വേജ് ഇൻസ്റ്റിറ്റ്യൂട്ടിലെത്താം. ഇൻസ്റ്റിറ്റ്യൂട്ട് ഇന്നു വളർച്ചയുടെ പാതയിലാണ്.

### അച്ചന്റെ ഹോബികൾ

സ്റ്റാമ്പുശേഖരണമാണ് അച്ചന്റെ പ്രധാന ഹോബി. മേജർ സെമിനാരിപഠനകാലത്തുതന്നെ സ്റ്റാമ്പുശേഖരണത്തിനു തുടക്കംകുറിച്ചു. ഇന്ന് 120 ൽപ്പരം രാജ്യങ്ങളിൽനിന്നായി ആയിരക്കണക്കിനു സ്റ്റാമ്പുകളുടെ വിപുലമായ ശേഖരം അച്ചന്റെ പക്കലുണ്ട്. 1921 മുതൽ നടന്ന ഒളിമ്പിക്സ് സ്റ്റാമ്പുകളുടെ ശേഖരമാണ് അതിൽ എടുത്തുപറയേണ്ടത്. ഇപ്പോൾ നടക്കുന്ന പാരീസ് ഒളിമ്പിക്സ് സ്റ്റാമ്പും ശേഖരിക്കാനുള്ള തയ്യാറെടുപ്പിലാണ്. സ്റ്റാമ്പുകൾകൊണ്ട് സുവിശേഷത്തിലെ സംഭവങ്ങളെ കോർത്തിണക്കാനുള്ള ശ്രമത്തിലാണ് അച്ചനിപ്പോൾ. കൂടാതെ നിരവധി രാജ്യങ്ങളുടെ നാണയങ്ങൾ, ബാങ്കുനോട്ടുകൾ തുടങ്ങിയവയും അച്ചന്റെ പക്കലുണ്ട്.

### അച്ചന്റെ സ്വപ്നം

വിശുദ്ധരുടെ തിരുശ്ശേഷിപ്പുകൾ പ്രതിഷ്ഠിച്ചുകൊണ്ടുള്ള ഒരു കൊച്ചുകപ്പേള. അതാണ് അച്ചന്റെ അടുത്ത സ്വപ്നം. അതിലേക്കായി 25-ൽപ്പരം വിശുദ്ധരുടെയും വാഴ്ത്തപ്പെട്ടവരുടെയും തിരുശ്ശേഷിപ്പുകൾ അച്ചൻ സംഘടിപ്പിച്ചുകഴിഞ്ഞു.

Mob: 8281687443

ADVT.

Deepanalam Weekly

RNI No : 16998/68
Vol. 57 No. 23 Date of Publication 8 August 2024
Annual Subscription Rate ₹ 400 (For Abroad ₹ 4500)

Registered No. KL/KTM/12/2024-2026
License No. KL/CR/KTM/WPP-16/2024-2026
Licensed to post without pre-payment

സ്വർണ്ണം വിൽക്കാൻ
ഏറ്റവും നല്ലത് നമ്മുടെ
അച്ചായൻസ് തന്നെ

KERALA'S NO.1 GOLD BUYER

TONY VALLIALIL ACHAYANS GROUP
SINCE 2005

അച്ചായൻസ് ഗോൾഡ് 916 HALLMARKED JEWELLERY

പാലാ | ഉഴവൂർ | കരിങ്കുന്നം

കോട്ടയം | ചങ്ങനാശ്ശേരി | ഏറ്റുമാനൂർ | എറണാകുളം | തൊടുപുഴ
ചിങ്ങവനം | സംക്രാന്തി | കടുത്തുരുത്തി | കടുവാക്കുളം | ചേർത്തല

Ph: 9072 388 172 | 8590 046 916

CASH FOR GOLD




ISO 9001-2015 Certified Company

KTS PRODUCTS

ഈ നാടിന്റെ ഉൽപ്പന്നം

Tasteit
ടേസ്റ്റിറ്റ്

അതേ രുചി...അതേ ഗുണം..
65 വർഷത്തെ വിശ്വാസം
എന്നും നിങ്ങളോടൊപ്പം...

Customer Care No.
04822-262835

കുന്നേൽ കോക്കനട്ട് ഓയിൽ ഇൻഡസ്ട്രീസ്, രാമപുരം

916 സ്വർണ്ണാഭരണങ്ങളുടെ പാലായിലെ അതിവിശാലമായ ഷോറൂം..!



മൂഴയിൽ
ജൂവലറി
മെയിൻ റോഡ്, പാലാ,
Phone: 212498 , 211028

സഹോദരസ്ഥാപനം:
മൂഴയിൽ ഫൈനാൻസിയേഴ്സ്
മാർക്കറ്റ് റോഡ്, OPP. സിവിൽസ്റ്റേഷൻ, പാലാ
ഫോൺ: 212269

100 രൂപയ്ക്ക് മാസം 1½ രൂപ മാത്രം പലിശ

കൊട്ടത്തിൽ ആയുർവ്വേദ
ഹോസ്പിറ്റൽ

ചപ്പാത്ത്, അയർക്കുന്നം കോട്ടയം
Phone: 0481-2545588, 9447054461
E-mail : mail@kottathilayurveda.com
Website: www.kottathilayurveda.com



• മസ്തിഷ്കരോഗങ്ങൾ
• നട്ടെല്ല് രോഗങ്ങൾ
• അസ്ഥിരോഗങ്ങൾ
• സന്ധിരോഗങ്ങൾ • ശിശുരോഗങ്ങൾ

• സ്ത്രീരോഗങ്ങൾ
(ആനോ–റെക്റ്റൽ രോഗങ്ങൾ)
• ത്വക്‌രോഗങ്ങൾ • വാർദ്ധക്യ രോഗങ്ങൾ

വിവിധങ്ങളായ കേരളീയ ചികിത്സാക്രമങ്ങളും പഞ്ചകർമ്മങ്ങളും (നസ്യം, വമനം, വിരേചനം, കഷായവസ്തി, രക്തമോക്ഷം) വിദഗ്ധരുടെ മേൽനോട്ടത്തിൽ ഔട്ട്പേഷ്യന്റായും (O.P.) ഇൻപേഷ്യന്റായും (I.P.) ചെയ്യുന്നു.

Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 • Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
• Ph: 04822-212842 • 7306874714 • Fax: 04822-212842 • Email: editordeepanalam@gmail.com • deepanalam@rediffmail.com • website: www.deepanalam.org